For Private Circulation Only

May 2025

# ആഗമനം

Vol.72

" നിനക്കറിഞ്ഞുകൂടായോ നീ കേട്ടിട്ടില്ലയോ യഹോവ നിത്യദൈവം ഭൂമിയുടെ അറുതികളെ സൃഷ്ടിച്ചവൻ " (യെശ. 40:28)

No.5

## ശക്തനായ നമ്മുടെ ദൈവം

**By Charles H. Spurgeon**

" ദൈവം ബലവാനെങ്കിലും ആരെയും നിരസിക്കുന്നില്ല; അവൻ വിവേകശക്തിയിലും ബലവാൻ തന്നെ " (ഇയ്യോ. 36:5).

" ദൈവം ശക്തനാണ് " അതു പറയുന്നു. ദൈവം അതി ബലവാൻ, അവിടുത്തെ ബലം അളക്കുവാൻ കഴിയാത്തതും വഹിപ്പാൻ കഴിയാത്തതും ആകുന്നു. " ബലം ദൈവത്തിനുള്ളത് എന്ന് ദൈവം ഒരിക്കൽ അരുളിചെയ്തു; ഞാൻ രണ്ടു പ്രാവശ്യം കേട്ടുമിരിക്കുന്നു " (സങ്കീ. 62:11). ദൈവം എല്ലാം സൃഷ്ടിച്ചു എന്ന നിലയിൽ തന്റെ ശക്തിയെ തെളിയിക്കുന്നു. എന്നാൽ തന്റെ ശ്രേഷ്ഠതയേറിയ പ്രവർത്തികൾ മാത്രമല്ല തന്റെ ശക്തിയെ തെളിയിക്കുന്നത്. എന്നാൽ ഇവ അവന്റെ വഴികളുടെ അറ്റങ്ങളത്രെ; " നാം അവനെക്കുറിച്ച് ഒരു മന്ദസ്വരമേ കേട്ടിട്ടുള്ളൂ; അവന്റെ ബലത്തിന്റെ ഇടിമുഴക്കമോ ആർ ഗ്രഹിക്കും "? (ഇയ്യോ. 26:14).

### സർവ്വശക്തിയും അവങ്കൽ നിന്ന്

ദൈവത്തിന് ഒന്നും അസാദ്ധ്യമല്ല. അവിടുത്തെ ശക്തിയുടെ ഒഴുക്കാണ് ഇവയെല്ലം. ആദ്യമായി പ്രപഞ്ചത്തിലെ സകല ശക്തിയും ദൈവത്തിൽ നിന്നും ആദ്യം വരുന്നു, ദൈവത്തിൽ നിന്നും മാത്രം വരുന്നു, ദൈവം എല്ലാം വഹിക്കുന്നു. പ്രകൃതിയുടെ ചക്രം ദൈവം തിരിക്കുന്നു. എന്തെല്ലം ബുദ്ധിശക്തി പ്രവർത്തിക്കുന്നുവോ, കെരൂബുകളുടെയും സാറാഫുകളുടെയും കാര്യത്തിലായാലും, ദൂതന്മാരുടെയും മനുഷ്യരുടെയും കാര്യത്തിലും, സൃഷ്ടിപ്പിൻ പ്രവർത്തിയിൽ, തന്റെ നിത്യതയുടെ സൂര്യന്റെ ഒരു കിരണമെങ്കിലും, ദൈവം അറിയാതെ വരുന്നില്ല. തന്റെ ഇഷ്ടത്താൽ പ്രപഞ്ചത്തിന്റെ അതിരുകൾ അതിന്റേതായ നിലയിൽ ചലിക്കുന്നു, ഒരു നാശത്തിന്റെ ചിന്ത ലവലേശമില്ലാതെ ചലിക്കുന്നു. ഗുരുത്വ നിയമം പ്രപഞ്ചത്തെ അതതിന്റെ നിലയിൽ താങ്ങിനിർത്തുന്നു. തന്റെ ശക്തി തിരികെ എടുക്കുന്നു എങ്കിൽ സർവ്വനാശം സംഭവിക്കുന്നു. ആറ്റങ്ങൾ തമ്മിൽ ബന്ധപ്പെടുത്തിയിരിക്കുന്നു, ആ ബന്ധങ്ങൾ തകരുമ്പോൾ അവ ചത്ത് പൊടിയിലേക്ക് തിരികെ ചേരുന്നു. " നീ ആകാശത്തെയും സ്വർഗ്ഗാധിസ്വർഗ്ഗത്തെയും അവയിലെ സകല സൈന്യത്തെയും ഭൂമിയെയും അതിലുള്ള സകലത്തെയും സമുദ്രങ്ങളേയും അവയിലുള്ള സകലത്തെയും ഉണ്ടാക്കി, നീ അവയെയൊക്കെയും രക്ഷിക്കുന്നു; ആകാശത്തിലെ സൈന്യം നിന്നെ നമസ്ക്കരിക്കുന്നു " (നെഹെ. 9:6).

വലിയവനായ ദൈവത്തിന് ആരുടെയും സഹായം കൂടാതെ സകലവും ചെയ്യുവാൻ കഴിയും. താൻ ആരിൽ നിന്നും സഹായം അഭ്യർത്ഥിക്കുന്നില്ല. നിശ്ചയമായും ആരുടെയും സഹായം കൂടാതെ സകലവും അവിടുത്തെ ശക്തിയാൽ ഉളവായി. ജീവജാലങ്ങൾ അവയുടെ ബലം ദൈവത്തിന് കൊടുത്തില്ല. അവ ദൈത്തെ വെളിപ്പെടുത്തുക മാത്രം ചെയ്തു. ശക്തി ആദ്യം ദൈവത്തോടുകൂടെ വാങ്ങി തന്റെ ശക്തിയെ വെളിപ്പെടുത്തിയിരിക്കുന്നു. ഇതിൽ അധികമായി, തന്റെ ഉദ്ദേശപ്രകാരമുള്ള സകല സൃഷ്ടിയും പൂർത്തീകരിച്ചു. എന്നാൽ എല്ലാ ബുദ്ധിശക്തിയും കഴിവുകലും തനിക്കെതിരാവുകയായിരുന്നു. ദൈവം തന്റെ അധികാരത്തിലും ശക്തിയിലും സൃഷ്ടിപ്പിൻ വേല പൂർത്തീകരിച്ചു. എങ്കിലും അവയൊക്കെയും തന്റെ ഹിതത്തിന് വിപരീതമായിത്തീരുകയായിരുന്നു. ദൈവം താൻ സൃഷ്ടിച്ച ശക്തികളൊക്കെയും തന്റെ നിയന്ത്രണത്തിലിരിക്കെ തന്നെ തനിക്ക് എതിരേ നിലനിന്നു. തന്റെ ശത്രുക്കളെ തന്റെ പാദപീഠത്തിലാണ്, തന്റെ സമാധാന നിയമങ്ങൾക്കെതിരെയാണ് അവർ നിലകൊണ്ടത്. " മനുഷ്യന്റെ ക്രോധം നിന്നെ സ്തുതിക്കും നിശ്ചയം; ക്രോധിഷ്ടത്തെ നീ അരയ്ക്കു കെട്ടിക്കൊള്ളും" (സങ്കീ. 76:10).

### ദൈവം ക്ഷീണിക്കുന്നില്ല

ദൈവം തന്റെ മഹത്വത്തിനായി എല്ലാം ചെയ്തു എന്നു പറയുമ്പോൾ എല്ലാവർക്കും അത്ര ശുഭകരമല്ല, ദൈവം തന്റെ ശക്തി വെറുതെ ചെലവഴിച്ചതല്ല. നിനക്ക് അറിഞ്ഞു കൂടായോ? നീ കേട്ടിട്ടില്ലയോ? യഹോവ നിത്യ ദൈവം; ഭൂമിയുടെ അറുതികളെ സൃഷ്ടിച്ചവൻ തന്നെ; അവൻ ക്ഷീണിക്കുന്നില്ല, തളർന്നു പോകുന്നതുമില്ല; അവന്റെ ബുദ്ധി അപ്രമേയമത്രേ (യെശ. 40:28). അവിടുന്ന് സകലവും നോക്കിക്കൊണ്ടിരിക്കുന്നു, അവിടുന്ന് മയങ്ങുന്നില്ല, ഉറങ്ങുന്നതുമില്ല. അവിടുന്ന് സദാ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ അവിടുന്ന് ക്ഷീണിക്കുന്നില്ല, വിശ്രമത്തിന്റെ ആവശ്യമില്ല. തന്റെ ഉദ്ദേശപ്രകാരമുള്ള പ്രവർത്തികൾ തികച്ചശേഷം തന്റെ പ്രവൃത്തിയിൽ നിന്നും സ്വസ്ഥമായി. ദൈവം നമ്മുടെ രാജ്യത്തിന്റെ ക്രമപ്രകാരം തന്റെ ശക്തിയിൽ എല്ലാം ചെയ്ത ശേഷം മുമ്പു ആയിരുന്നതുപോലെ താൻ കാണപ്പെട്ടു. കാണപ്പെടാത്ത തേജസ് ആണ് അവിടുത്തെ വസ്ത്രങ്ങൾ. ഞാൻ ദൈവത്തെക്കുറിച്ച് കുറച്ചേ അറിയാൻ കഴിഞ്ഞിട്ടുള്ളൂ എന്നതിൽ ഞാൻ ഭയപ്പെടുന്നു, എന്നാൽ അവിടുന്ന് ശക്തനായ ദൈവമാണ്, ബുദ്ധിക്കപ്രമേയനാണ്, അതെ, മനുഷ്യന്റെ ഹൃദയവിചാരങ്ങൾക്കപ്പുറത്താണ് ദൈവത്തിന്റെ ശക്തി.

### ദൈവത്തിന്റെ ശക്തിയേക്കുറിയ ജ്ഞാനം

വേദഭാഗം നമ്മോട് പറയുന്നത് അവിടുന്ന്, " ബലത്തിലും ജ്ഞാനത്തിലും ശക്തനാണ് ". അതായത് ദൈവം ശക്തനാണെന്ന് നമ്മുടെ ഹൃദയത്തിൽ നാം

**(ശേഷം 2-ാംപേജിൽ)**

(1-ാംപേജിന്റെ തുടർച്ച)

**ശക്തനായ നമ്മുടെദൈവം**

ഏറ്റുകൊള്ളേണ്ടത് ആവശ്യമാണ്. "അവിടുത്തെ ജ്ഞാനത്തെക്കുറിച്ച് ഒരു പഠനത്തിന്റെ ആവശ്യമില്ല. സൃഷ്ടിക്കുകയും, സംരക്ഷിക്കുകയും നശിപ്പിക്കുകയും ചെയ്യുന്ന ശാരീരിക ശക്തി യെ അവകാശമാക്കുകയല്ലാ, കാര്യങ്ങൾ ഗ്രഹിക്കാനുള്ള ഉന്നതമായ ജ്ഞാനം, അവിടുന്ന് അത്ഭുതവാനായ ആലോചനക്കാരൻ ആകുന്നു" (യെശ. 28:29). "നമ്മുടെ കർത്താവ് വലിയവനും ശക്തിയേറിയവനും ആകുന്നു; അവന്റെ വിവേകത്തിന് അന്തമില്ല" (സങ്കീ. 147:5). ഇതിനെ വെളിപ്പെടുത്തുവാൻ വാക്കുകൾ കണ്ടുപിടിക്കുവാൻ പ്രയാസമാണ്. ദൈവം ആത്മാവാകുന്നു, മനസും ബുദ്ധിയുമുപയോഗിച്ച് എത്രത്തോളം ആദരവോടെ പറയാൻ കഴിയുമോ, ഈ ഭൗതിക ലോകത്തിൽ ദൈവം സർവ്വശക്തനായിരിക്കുന്നു. ഇത് അവിടുത്തെ സൃഷ്ടിയുടെ സുരക്ഷിതത്വമാണ്. അതായത് അവിടുന്ന് മഹാമനസ്കതയുള്ള ദൈവമാണ്. ദൈവത്തിന്റെ ചിന്തകൾ ഉന്നതമാണ്. രൂപകല്പനയിൽ ഉന്നതമാണ്, ജ്ഞാനത്തിൽ ഉന്നതമാണ്, നന്മയിൽ ഉന്നതമാണ്.

**ദൈവം ആരെയും ഉപേക്ഷിക്കുന്നില്ല.**

ഇവിടെ, ഒരു ഉപദേശവിഷയം കിടക്കുന്നു, ദൈവം തന്റെ ശക്തിയിൽ ആരേയും ഉപേക്ഷിക്കുന്നില്ല. തെളിവു ഇതാ കിടക്കുന്നു. ദൈവം വലിയവനും ശക്തിയേറിയവനും ആകുന്നു, അതുകൊണ്ട് സകല കാര്യങ്ങളും തന്റെ കീഴിൽ വരേണം. നിത്യനായ ദൈവത്തിന്റെ മുമ്പിൽ തനിക്ക് വിലയേറിയതായി ഒന്നുമേ ഇല്ല. ലോകം ശക്തിയായും ഭംഗിയായും ചലിക്കുന്നു, ഒരുവനും അതു കണക്കുകൂട്ടുവാൻ സാദ്ധ്യമല്ല. ലോകത്തിൽ ധാരാളം കാര്യങ്ങൾ നമുക്കു എണ്ണുവാൻ കഴിയാതെ വിട്ടേയ്ക്കാം, വേർതിരിച്ചോ മൊത്തമായോ, നക്ഷത്രക്കൂട്ടങ്ങളെ മൊത്തമായോ, ദൈവത്തിന് ചില തുള്ളികൾ പോലെ ഒരു ബക്കറ്റിൽ കൊള്ളിക്കുവാൻ കഴിയും. അതിന്റെ ശേഷം അല്പമാകട്ടെ അധികമാകട്ടെ എല്ലാം ദൈവത്തിന്റെ നിറവുകൾക്കു മുന്നിൽ ഒന്നും ഇല്ലാതായിത്തീരുകയാണ്. ജീവജാലങ്ങളെ സംരക്ഷിക്കുന്ന സംരക്ഷണമോർത്താൽ അതും ദൈവത്തിന്റെ മുമ്പിൽ അപാരമാണ്.

ചെറിയകാര്യങ്ങളെപ്പോലും പരിഗണിക്കുന്ന ദൈവമാണ് സർവ്വശക്തനായ ദൈവം എന്നതിന് തെളിവിനായി സൃഷ്ടിയെ നോക്കുക. വലിയവനും ശക്തിയുള്ളവനുമായ ദൈവം വെളിപ്പെടുത്തിയിരിക്കുന്ന നന്മകൾ സൃഷ്ടിയിലെ ചെറിയ കാര്യ

(ശേഷം 3-ാം പേജിൽ)


# ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702, 8075696168**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
ങീയ: **9446590913, 9809882926**
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ., തിരുവനന്തപുരം - 695032
Mob:8589901702,**8075696168**
**E-mail:bindhum1971@yahoo.in**


മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

**കർത്താവിൽ പ്രിയരേ,**

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

2025 ഏപ്രിൽ മാസം നമ്മെ വിട്ട് കടന്നു പോയി മേയ് മാസത്തിലേക്ക് നാം കടന്നിരിക്കുന്നു.

" യേശു പിന്നെയും അവരോട് പറഞ്ഞത്: ആമേൻ ആമേൻ ഞാൻ നിങ്ങളോട് പറയുന്നു. ആടുകളുടെ വാതിൽ ഞാൻ ആകുന്നു. എനിക്കു മുമ്പേ വന്ന വരൊക്കെയും കള്ളന്മാരും കവർച്ചക്കാരും അത്രേ. അടുകളോ അവരുടെ വാക്കു കേട്ടില്ല. ഞാൻ വാതിൽ ആകുന്നു. എന്നിലൂടെ കടക്കുന്നവൻ രക്ഷപ്പെടും അവൻ അകത്തു വരികയും പുറത്തു പോകയും മേച്ചൽ കണ്ടെത്തുകയും ചെയ്യും. ഞാൻ നല്ല ഇടയൻ ആകുന്നു. നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ കൊടുക്കുന്നു " (യോഹന്നാൻ 10:7-11).

നിങ്ങളെ ഭാരപ്പെടുത്തുന്ന ഏതെങ്കിലും പ്രശ്നങ്ങൾ നിങ്ങളുടെ ജീവിതത്തിൽ ഉണ്ടെങ്കിൽ യേശുവിന്റെ അടുക്കൽ ചെല്ലുക. ദൈവമുഖം അന്വേഷിക്കുക. നമ്മുടെ ദൈവം വലിയവനാണ്. ഏറ്റവും ഔദാര്യവാനാണ്. "ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ട് എന്നും തന്നെ അന്വേഷിക്കുന്നവർക്ക് പ്രതിഫലം കൊടുക്കുന്നു എന്നു വിശ്വസിക്കേണ്ടതല്ലോ (എബ്രാ. 17:6).

യേശു വരാൻ സമയമായി. കാലഘട്ടത്തെ സംബന്ധിച്ച അടയാളങ്ങൾ അത് വ്യക്തമാക്കുന്നു. ദൈവം തന്റെ കോപം ഈ ലോകത്തിൽ പകരുവാൻ സമയമായി. ആരും നഷ്ടപ്പെട്ടുപോകുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. നമുക്കു ചുറ്റും കാണുന്ന ദൈവവചനത്തിന്റെ പദ്ധതി അത്രേ. നമ്മുടെ ശേഷിച്ച സമയം വിശുദ്ധ ജീവിതത്തിലും സുവിശേഷീകരണത്തിനുമായി വേർതിരിക്കാം.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആരിൽ നിന്നും ഒരു പ്രതികരണവും ലഭിക്കുന്നില്ല. നിങ്ങളുടെ അഭിപ്രായങ്ങൾ അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

(2-ാംപേജിന്റെ തുടർച്ച)

**ശക്തനായ നമ്മുടെദൈവം**

ങ്ങൾപോലും, തന്റെ സൃഷ്ടിയുടെ വൈശിഷ്ട്യത്തെ വെളിപ്പെടുത്തുന്നതാണ്. എണ്ണമറ്റ ജീവജാലങ്ങൾക്ക് കുടിക്കുവാനുള്ള വെള്ളത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ, അവർക്ക് മുടങ്ങാതെ വെള്ളം എത്തിക്കുന്ന ദൈവത്തിന്റെ പദ്ധതികൾ എത്ര വിചിത്രമാണ്. ഓരോ ചെറിയ ജീവികളുടെ സൃഷ്ടിയും അവയുടെ പ്രകൃതിയിലുള്ള ഉത്തരവാദിത്വവും അത്ഭുതാവഹമാണ്. വളരെ ചെറിയ കാര്യങ്ങൾ നമ്മുടെ അത്ഭുതങ്ങൾ വർദ്ധിപ്പിക്കുന്നു, സൃഷ്ടിതാവിന്റെ ശക്തിയെക്കുറിച്ച് ചിന്തിക്കുവാൻ നമ്മെ നിർബ്ബന്ധിക്കുന്നു.

പ്രകൃതിയിലെ ചെറു ജീവിയെപ്പോലും അവിടുന്ന് ഓർക്കുന്നു, അവിടുന്ന് അവയ്ക്കായി കരുതുന്നു. അതേ സമയം തന്റെ ദൃഷ്ടി കെരൂബുകളുടെയും സാറാഫുകളുടെയും മേൽ ഇരിക്കുന്നു. നിലത്തിലെ മണ്ണിരയേയും ആഴങ്ങളിലെ ചെറു മത്സ്യങ്ങളെയും അവിടുന്ന് സൂക്ഷിക്കുന്നു. സാധാരണ നിലയിൽ നാം ചിന്തിച്ചാൽ തന്റെ സൃഷ്ടികളിൽ ഏറ്റവും സൂക്ഷ്മമായ ജന്തുക്കളുടെ സൃഷ്ടിപോലും നാം പരിശോധിച്ചാൽ ചെറിയ കാര്യങ്ങൾ പോലും ദൈവം നിഷേധിക്കുന്നില്ല എന്ന് കാണാം. ചെറു പ്രാണികളെപ്പോലും ദൈവം കരുതുന്നു, അവയുടെ താഴ്മയുള്ള പ്രാർത്ഥന തള്ളിക്കളയാതെ കേൾക്കുകയും ചെയ്യുന്നു. അവിടുത്തെ പുത്രനായ യേശു താഴ്മയും വിനയവും ഉള്ള ഹൃദയമുള്ളവനായി, കഷ്ടപ്പെടുന്ന തന്റെ കുഞ്ഞുമക്കൾക്കുവേണ്ടി അവിടുന്ന് കൈവിടാതെ കാക്കുന്നു.

ചെറിയ കാര്യങ്ങൾക്കുപോലും കരുതലും അംഗീകാരവും കൊടുക്കുന്നു. ദൈവത്തിന്റെ കരുതൽ രാജ്യങ്ങൾ തമ്മിലുള്ള യുദ്ധങ്ങളിൽ മാത്രമല്ല, മന്ത്രിസഭയിലെ ആലോചനയിൽ മാത്രമല്ല, രാജകീയ ആലോചന സഭയിൽ മാത്രമല്ല, ഓരോ താഴ്മയുള്ള ജീവജാലങ്ങളുടെ കാര്യങ്ങളിലും വ്യാപരിക്കുന്നു. പതിനായിരക്കണക്കിന് പൂക്കൾ വിരിയുന്ന പർവ്വതങ്ങളും ചതുപ്പുകളിലുള്ള തവളകളുടെ വിളിയും വൃക്ഷങ്ങളിൽ നിന്നും വീഴുന്ന ഓരോ ഇലകളും ദൈവത്തിന്റെ നിത്യമായ പദ്ധതികളും അവിടുത്തെ വിശേഷ ജ്ഞാനത്തിന്റെയും ഭാഗങ്ങളാണി. പക്ഷികളുടെ ചേക്കേറലും കൊളമ്പസിന്റെ യാത്രയും അവിടുത്തെ ജ്ഞാനത്തിന്റെ തെളിവുകളാണ്. വേട്ടക്കാരന്റെ വലയും ഒരു രാജ്യത്തിന്റെ സ്വാതന്ത്ര്യവും എല്ലാം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. എല്ലാ കാര്യത്തിലും ദൈവത്തിന്റെ സാന്നിദ്ധ്യമുണ്ട്; ഒരു ചെറു പക്ഷിയും അപ്പൻ അറിയാതെ ചലിക്കുന്നില്ല. നിങ്ങളുടെ തലയിലെ രോമവും എണ്ണപ്പെട്ടിരിക്കുന്നു”. ചെറിയ കാര്യങ്ങൾക്ക് കൊടുക്കുന്ന ശ്രദ്ധയും കരുതലും പോലെ വലിയ കാര്യങ്ങൾക്ക് പരിഗണനകൊടുക്കുന്ന ദൈവം ചെറിയ കാര്യങ്ങളെ തുച്ഛീകരിക്കുന്നില്ല എന്നതിന്റെ തെളിവാണ്.

ഇത് വളരെ വ്യക്തമാണ്, നാം ചിന്തിക്കുമ്പോൾ, എങ്ങനെയുള്ള മനുഷ്യരെയാണ് ദൈവം കൂടുതൽ ഇഷ്ടപ്പെടുന്നത്. ആരാണ് ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടത് അവയെ ഓർക്കുക, ഭൂമിയിലെ ധാരാളം വരുന്ന ആളുകളിൽ നിന്നും ദൈവം തെരഞ്ഞെടുത്ത ദൈവത്തിന്റെ പ്രത്യേക സ്നേഹമുള്ള ആളുകളാണിവർ. “സഹോദരന്മാരേ, നിങ്ങളുടെ വിളിയെ നോക്കുവിൻ; ലോകാഭിപ്രായപ്രകാരം ജ്ഞാനികൾ ഏറെയില്ല, ബലവാന്മാർ ഏറെയില്ല, ജ്ഞാനികളെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ബലഹീനമായത് തെരഞ്ഞെടുത്തു” (1കൊരി. 1:26). എന്താണ് പൗലൊസ് തന്റെ കൊരിന്ത്യ ലേഖനത്തിൽ പറയുന്നത്? “ഉള്ളതിനെ ഇല്ലായ്മയാക്കുവാൻ ദൈവം ലോകത്തിൽ കുലഹീനവും നികൃഷ്ടമായതും ഏതുമില്ലാതത്തതും തെരഞ്ഞെടുത്തു. (1കൊരി.1:28). അവിടുന്ന് ആരേയും ഉപേക്ഷിക്കുന്നില്ല. ഞങ്ങൾ ക്ക് ഉറപ്പുണ്ട്, ദൈവം തന്റെ സഭയിൽ പിതാക്കന്മാരെ തെരഞ്ഞെടുത്തപ്പോൾ, പന്ത്രണ്ടു നേതാക്കന്മാരെ അപ്പോസ്തലന്മാരായി തെരഞ്ഞെടുത്തപ്പോൾ, തത്വജ്ഞാനികളെ തെരഞ്ഞെടുത്തില്ല, അധികാരികളെ തെരഞ്ഞെടുത്തില്ല, രാജാക്കന്മാരെ തെരഞ്ഞെടുത്തില്ല എന്നാൽ മുക്കുവന്മാരെയും അന്നത്തെ സാധാരണക്കാരായ ആളുകളേയും

(ശേഷം 4-ാം പേജിൽ)

## രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

| | |
|---|---|
| **അംഗീകരിക്കുക** | *ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)* |
| **പശ്ചാത്തപിക്കുക** | *അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)* |
| **ഏറ്റുപറയുക** | *നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)* |
| **ഉപേക്ഷിക്കുക** | *ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.* |
| **ശുദ്ധീകരിപ്പെടുക** | *അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).* |
| **വിശ്വസിക്കുക** | *തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)* |
| **സമർപ്പിക്കുക** | *ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)* |
| **പ്രാപിച്ചെടുക്കുക** | *യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)* |
| **സ്നാനം ഏൽക്കുക** | *വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)* |

(3-ാംപേജിന്റെ തുടർച്ച)

### ശക്തനായ നമ്മുടെദൈവം

തന്റെ ശക്തമായ പ്രവർത്തികൾ തന്റെ ജനത്തിന്റെ ഇടയിൽ വെളിപ്പെടുത്തുവാൻ തെരഞ്ഞെടുത്തു, അവിടുന്ന് ശക്തനായ ദൈവം അവിടുന്ന് ആരെയും ഉപേക്ഷിക്കുന്നില്ല.

സഹോദരന്മാരെ, നിങ്ങൾ അറിയുക, അവിടുന്ന് ആരെയും ഉപേക്ഷിക്കുന്നില്ല എന്നതിന് മറ്റൊരു തെളിവായി ദാവീദ് തന്റെ ഭാഷയിൽ 22-ാം സങ്കീർത്തനത്തിൽ, "അരിഷ്ടന്റെ അരിഷ്ടത താൻ നിരസിച്ചില്ല, വെറുത്തതുമില്ല; തന്റെ മുഖം അവന് മറെച്ചതുമില്ല; തന്നെ വിളിച്ചപേക്ഷിച്ചപ്പോൾ കേൾക്കയത്രേ ചെയ്തത് " (വാക്യം 24). നിങ്ങളിൽ ചിലർ ശരീരത്തിൽ വേദനയുള്ളവരായി, നഷ്ടങ്ങൾ, ക്ഷാമം, ഉപദ്രവം എന്നിവ സഹിക്കുമ്പോൾ ദൈവം ആരേയും ഉപേക്ഷിക്കുന്നില്ല. ദൈവം ഒരു മനുഷ്യനെ നോക്കുമ്പോൾ അവൻ ദരിദ്രനായിട്ടോ, ക്ഷീണിതനായിട്ടോ ഇരുന്നാലും തന്റെ വചനത്തെ ഭയപ്പെടുന്ന മനുഷ്യനെ ദൈവം സ്നേഹിക്കുന്നു " (യെശ. 66:2).

ഇപ്പോൾ സഹോദരന്മാരെ, ഒരു തെളിവ് നിങ്ങളോടു പറയാം, നമ്മുടെ കർത്താവ് ചെറിയ കാര്യങ്ങളെ കടാക്ഷിക്കുന്നതുകൊണ്ട് തന്റെ ആത്മാവിന്റെ മഹിമ വെളിപ്പെടുന്നു. നമ്മുടെ കർത്താവ് വലിയവനും ശക്തിയേറിയവനും ആകുന്നു, അവിടുന്ന് എല്ലാറ്റെയും കരുതുകയും ചെയ്യുന്നു. " നിന്റെ പ്രതാപത്തിന്റെ തേജസുള്ള മഹത്വത്തെയും നിന്റെ അത്ഭുത കാര്യങ്ങളെയും ഞാൻ ധ്യാനിക്കും " (സങ്കീ. 145:5).

അവിടുന്ന് നിങ്ങളെ സ്നേഹിക്കുകയും വിലമതിക്കുകയും ചെയ്യുന്നു. ഇയ്യോബ് ഒരു കുപ്പക്കുന്നിൽ ഇരുന്നുകൊണ്ട് ഒരു ഓട്ടു കഷണം എടുത്തു തന്റെ പരുക്കളെ ചെരണ്ടി കൊണ്ട് ശാന്തമായി ഇരുന്നു, എന്നാൽ താൻ പ്രത്യാശ കൈവിടാതെ ശാന്തമായിരുന്നു. തനിക്ക് ദൈവത്തെ ഉപേക്ഷിക്കുവാൻ കഴിഞ്ഞില്ല. ദൈവം നിങ്ങളുടെ ജീവിതത്തിൽ അനുഭവിക്കുന്ന കഷ്ടങ്ങളും ദു:ഖങ്ങളും വേദനകളും തന്റെ അനന്തമായ സ്നേഹം വെളിപ്പെടുത്തുന്നു എന്നത് ഒരു വിരോധാഭാസമായി തോന്നാം. നിങ്ങളുടെ മുമ്പിൽ നിരത്തിയിരിക്കുന്ന കാര്യങ്ങളും അതിന്റെ ദിവ്യമായ ഉദ്ദേശങ്ങളും ദൈവത്തിന് അതിന്റെ നടുവിൽ വ്യക്തമായ പദ്ധതിയുണ്ട് എന്ന് നിങ്ങൾക്കു ബോദ്ധ്യപ്പെട്ടാൽ ഇപ്പോൾ നിങ്ങൾ എവിടെ ആയിരിക്കുന്നുവോ അവിടെ നിങ്ങൾ ആയിരുന്നാൽ, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിന്റെ ഇടപെടൽ നല്ലതും ശരിയായതും ആയിരിക്കും. അവിടുന്ന് നിങ്ങളെ തീച്ചൂളയുടെ അനുഭവത്തിൽ ആക്കിയിട്ടില്ല, കാരണം, അവിടുന്ന് നിങ്ങളെ കൈവിടുന്നു, കാരണം അവിടുന്ന് നിങ്ങളെ വിലമതിക്കുന്നു. അവിടുന്നു തന്റെ രക്തത്താൽ നിങ്ങളെ വിലയ്ക്കുവാങ്ങിയിരിക്കുന്നു, അങ്ങനെ നിങ്ങൾക്കുവേണ്ടി വില കൊടുത്തിരിക്കുന്നു എന്ന ഉറപ്പ് നിങ്ങൾക്കുണ്ട്.

നിങ്ങളുടെ വേദനകളിൽ നിങ്ങളെ മറന്നു കളയുന്ന ദൈവമല്ല, ഒരിക്കലും നിങ്ങളെ വിലകുറച്ചു കാണുന്ന ദൈവവുമല്ല. രാത്രികാലങ്ങളിൽ നമ്മുടെ ക്ഷീണങ്ങളേയും നമ്മുടെ ഉറക്കമില്ലായ്മയേയും അവിടുന്ന് കാണുന്നുണ്ട്. നിങ്ങളുടെ ക്ഷീണ വേളകളിൽ നിങ്ങളെ പരിചരിക്കുന്ന കൂട്ടുകാർ നിങ്ങളെ കൈവിട്ടേക്കാം, അവിടുന്ന് എപ്പോഴും അരികിലുണ്ട്, രോഗത്തിൽ നമ്മുടെ കിടക്കയെ മാറ്റിവിരിക്കുന്നു. നിങ്ങൾ ഇപ്രകാരം പറയേണ്ടിവരികയില്ല, " ദൈവം സ്വർഗ്ഗീയ കാര്യങ്ങളിൽ തിരക്കുള്ളവൻ ആണ്. അതുകൊണ്ട് എന്നെ ദൈവം മറന്നേയ്ക്കാം ". ദൈവം അങ്ങ് അകലെയാണ്. " അവരുടെ കഷ്ടതയിലൊക്കെയും അവൻ കഷ്ടപ്പെട്ടു; അവന്റെ സന്മുഖദൂതൻ അവരെ രക്ഷിച്ചു; തന്റെ സ്നേഹത്തിലും കനിവിലും അവൻ അവരെ വീണ്ടെടുത്തു; പുരാതനകാലത്തൊക്കെയും അവൻ അവരെ ചുമന്നുകൊണ്ട് നടന്നു " (യെശ.63:9). നമ്മുടെ വലിയ ദൈവം തന്റെ സ്വന്തം മക്കളെ ഉപേക്ഷിക്കുന്നില്ല. അവിടുന്ന് നമ്മുടെ കണ്ണുനീരും ഞരക്കങ്ങളും കാണുന്നു. തന്റെ ആളുകളിൽ ഏറ്റവും ചെറിയവരുമായി തനിക്കു കൂട്ടായ്മയുണ്ട്.

❖

## ഞങ്ങളുടെ വലിയ ദൈവത്തിന്റെ വെളിച്ചത്തിൽ ഞങ്ങൾ നടക്കും

By Rich Carmicheal

" മിണ്ടാതിരുന്നു ഞാൻ ദൈവമെന്ന് അറിഞ്ഞുകൊൾവിൻ " (സങ്കീ. 46:10)

ലോകത്തിൽ ഏറ്റവും പ്രാധാന്യമേറിയതും ലാഭകരവുമായ കാര്യം എന്നത്, തുടർച്ചയായി സമയമെടുത്ത് ദൈവത്തെ നമ്മുടെ ദൈവമായി ഏറ്റുകൊള്ളുക എന്നതാണ്. ഒരു നിമിഷം നമ്മുടെ ഹൃദയത്തിൽ, മനസ്സിൽ, ആത്മാവിൽ ഉറപ്പിച്ചു പറയുക, ഒരു ദൈവമുണ്ട്, അവിടുത്തെക്കുറിച്ചു അവിടുന്ന് വെളിപ്പെടുത്തിയിരിക്കുന്ന കാര്യങ്ങളെല്ലാം സത്യമാണ്. അവിടുന്ന് പിതാവായ ദൈവമാണ്, പുത്രനായ ദൈവമാണ്, പരിശുദ്ധാത്മാവായ ദൈവമാണ്. അവിടുന്ന് സകലത്തിന്റെയും സൃഷ്ടിതാവും ജീവന്റെ പരിപാലകനുമാണ്. അവിടുന്നു നിത്യത മുതൽ നിത്യതവരെ ദൈവമാണ്, അവിടുന്ന് തന്റെ സമ്പൂർണ്ണ ഇഷ്ടപ്രകാരം തന്റെ നിത്യമായ ഉദ്ദശമാണ്, അവിടുന്ന് തന്റെ സമ്പൂർണ്ണ ഇഷ്ടപ്രകാരം തന്റെ നിത്യമായ ഉദ്ദേശപ്രകാരവും പ്രവർത്തിക്കുന്നു. അവിടുന്ന് നിത്യനാണ്, സകലത്തിനും ഉന്നതനാണ്, സർവ്വശക്തനാണ്, സർവ്വജ്ഞാനിയാണ്, സർവ്വവ്യാപിയാണ്. അവിടുന്ന് സമ്പൂർണ്ണനാണ്, വിശുദ്ധനാണ്, സത്യമാണ്, നീതിയാണ്. വിശ്വസ്തനാണ്, മാറ്റമില്ലാത്തവനാണ്. അവിടുന്ന് സ്നേഹത്തിന്റെ പൂർണ്ണതയാണ്, കൃപയുള്ളവനാണ്, മനസ്സലിവ് ഉള്ളവനാണ്, കരുണയുള്ളവനാണ്, ദീർഘക്ഷമയുള്ളവനാണ്. അവിടുന്ന് സൗഖ്യദായകൻ ആണ്, കരുതുന്നവൻ ആണ്, വീണ്ടെടുപ്പുകാരനാണ്, സംരക്ഷിക്കുന്നവൻ ആണ്, കരുതുന്നവൻ ആണ്. അവിടുത്തെ ഗുണഗണങ്ങളുടെ നിരയും അവിടുത്തെ പ്രവൃത്തിയുടെ വിവരണങ്ങളും അനന്തമായി തുടരുകയാണ്. എത്ര അത്ഭുതവാനായ ഒരു ദൈവമാണ് നമുക്കുള്ളവൻ!

ഒരു നിമിഷം ചിന്തിക്കുക, അവിടുന്ന് നമ്മുടെ ദൈവമാണ് എന്നും അവിടുന്ന് നമുക്കുവേണ്ടി എന്തു ചെയ്യുന്നു എന്നും എങ്ങനെയാണ് ഈ ദൈവത്തിന്റെ വെളിച്ചത്തിൽ നാം നടക്കുക എന്നും ചിന്തിക്കുക.

1. പൂർണ്ണമായി അവിടുത്തെ ഇഷ്ടത്തിനായും അവിടുത്തേക്കായും നമ്മെതന്നെ സമർപ്പിക്കുക. തന്റെ നിത്യ

(ശേഷം 5-ാം പേജിൽ)

(4-ാംപേജിന്റെ തുടർച്ച)

**ഞങ്ങളുടെ വലിയ .....നടക്കും**

മായ പദ്ധതി പ്രകാരവും നിത്യമായ മഹത്വത്തിനായും ദൈവം നമ്മെ സൃഷ്ടിച്ചു. തന്റെ നാമത്തിന്റെ മഹത്വത്തിനായും, ഞങ്ങൾ അവിടുത്തെ നാമത്തിൽ സമർപ്പണമുള്ളവരാകേണ്ടതിനും നാം അവിടുത്തെ നിത്യതയ്ക്കായി ഒരുക്കപ്പെടേണ്ടതിനുമായി നമ്മെ സൃഷ്ടിച്ചു. "എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്കു നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നെ സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു" (റോമർ. 8:28).

**2. അവിടുത്തെ സ്നേഹിക്കുക, അനുസരിക്കുക.**

ദൈവം സ്നേഹം ആകുന്നു, അവിടുന്ന് ആദ്യമായി നമ്മെ സ്നേഹിച്ചു അതുകൊണ്ട് നാം അവിടുത്തെ സ്നേഹിക്കേണം (1യോഹ. 4:8,19). നമ്മുടെ സ്നേഹത്തിന് അവിടുന്ന് യോഗ്യനാണ്. " പൂർണ്ണഹൃദയത്തോടും, പൂർണ്ണമനസ്സോടും പൂർണ്ണ ആത്മാവോടും പൂർണ്ണ ശക്തിയോടും കൂടെ നാം സ്നേഹിക്കേണം" (മർക്കൊ. 12 :30). നാം ദൈവത്തെ സ്നേഹിക്കുന്നു എന്ന് കാണിക്കുന്ന ഒരു വഴി അവിടുത്തെ കല്പനകളെ നാം കാത്തു സൂക്ഷിക്കുക എന്നതാണ് (1യോഹ. 5:3).

**3. ദൈവത്തിൽ സന്തോഷിക്കുക, അവിടുത്തെ ആരാധിക്കുക, നന്ദി അർപ്പിക്കുക.**

എത്രത്തോളം നാം അവിടുത്തെ നന്മകളും അവിടുത്തെ വീര്യപ്രവർത്തികളും നാം പ്രകീർത്തിക്കുന്നുവോ, അത്രത്തോളം നാം അവിടുത്തേയ്ക്കു നന്ദി അർപ്പിക്കുവാനും സ്തുതിക്കുവാനും ഇടവരും. " എന്റെ ദൈവമായ രാജാവേ ഞാൻ നിന്നെ പുകഴ്ത്തും; ഞാൻ നിന്റെ നാമത്തെ എന്നെന്നേയ്ക്കും വാഴ്ത്തും. നാൾതോറും ഞാൻ നിന്നെ വാഴ്ത്തും; ഞാൻ നിന്റെ നാമത്തെ എന്നെന്നേയ്ക്കും സ്തുതിക്കും. യഹോവ വലിയവനും അത്യന്തം സ്തുത്യനും ആകുന്നു; അവന്റെ മഹിമ അഗോചരമാത്രേ. തലമുറതലമുറകളോട് നിന്റെ ക്രിയകളെ പുകഴ്ത്തി നിന്റെ വീര്യ പ്രവർത്തികളെ പ്രസ്താവിക്കും. നിന്റെ പ്രതാപത്തിന്റെ തേജസ്സുള്ള മഹത്വത്തെയും നിന്റെ അത്ഭുത കാര്യങ്ങളെയും ഞാൻ ധ്യാനിക്കും" (സങ്കീ. 145:1-5).

**4. അവിടുത്തെ ആശ്രയിക്കുക, അവിടുത്തെ വചനവും വാഗ്ദത്തങ്ങളും പൂർണ്ണതയും തികവുള്ളത്.**

വേദപുസ്തകത്തിലെ ആളുകളെ നാം ചിന്തിക്കുമ്പോൾ, അവർ അറിയപ്പെട്ടത് അവരുടെ വിലയേറിയ വിശ്വാസം ഹേതുവായിട്ടായിരുന്നു, അവർ നിശ്ചയമായും വളരെ ലാളിത്യമുള്ളവരും ദൈവത്തേയും അവിടുത്തെ വചനത്തേയും ഏറ്റെടുക്കുന്നതിൽ വലിയ കാഴ്ചപ്പാടുള്ളവരായിരുന്നു. ഉദാഹരണമായി അബ്രഹാമിനെ എടുക്കാം. അവരുടെ സാഹചര്യങ്ങളെ അതിജീവിക്കാൻ കഴിവുള്ളവരായിരുന്നു. " ദൈവത്തിന്റെ വാഗ്ദത്തിങ്കൽ അവിശ്വാസത്താൽ സംശയിക്കാതെ വിശ്വാസത്തിൽ ശക്തിപ്പെട്ടു. ദൈവത്തിന് മഹത്വം കൊടുത്തു; അവൻ വാഗ്ദത്തം ചെയ്തതു നിവർത്തിപ്പാനും ശക്തൻ എന്ന് പൂർണ്ണമായി ഉറെച്ചു" (റോമ. 4:20,21). നാം ദൈവത്തിൽ ആശ്രയം വയ്ക്കുമ്പോൾ ദൈവം വിശ്വസ്തൻ എന്ന് തന്നെത്താൻ തെളിയിച്ച് കാണിക്കയായിരുന്നു. നമ്മുടെ എല്ലാ ആവശ്യങ്ങളിലും ദൈവത്തെ ആശ്രയിപ്പാൻ നമുക്കു കഴിയും, നമ്മുടെ എല്ലാ വിധ സംരക്ഷണത്തിനും അവിടുത്തെ ആശ്രയിപ്പാൻ കഴിയും (മത്താ. 6:31-33, 1പത്രോ. 5:7).

**5. വലിയ വിശ്വാസത്തോടെ പ്രാർത്ഥിക്കുക**

നമ്മുടെ ദൈവം പ്രാർത്ഥന കേൾക്കുന്ന ദൈവമാണ്, ഉത്തരം തരുന്ന ദൈവമാണ്, അവിടുന്ന് പരിധി കൂടാത്ത കഴിവും ശക്തിയുമുള്ളവനാണ്, അതുകൊണ്ട് അത്ഭുതപ്പെടുത്തുന്ന മറുപടികൾ നമുക്ക് പ്രതീക്ഷിക്കാം. കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ പർവ്വതങ്ങൾ മാറിപ്പോകും, എത്ര വലിയവനും ശക്തനും ആയ ദൈവമാണ് നമ്മുടെ ദൈവം! "അവന്റെ ഇഷ്ടപ്രകാരം നാം എന്തെങ്കിലും അപേക്ഷിച്ചാൽ അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നുള്ളത് നമുക്ക് അവനോടുള്ള ധൈര്യം ആകുന്നു. നാം എന്ത് അപേക്ഷിച്ചാലും അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നറിയുന്നുവെങ്കിൽ അവനോടു കഴിച്ച അപേക്ഷ നമുക്കു ലഭിച്ചു എന്നും അറിയുന്നു. (1യോഹ. 5:14,15). "എന്നാൽ നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തംപരമായി ചെയ്വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവന് സഭയിലും ക്രിസ്തുയേശുവിലും എന്നേക്കും തലമുറതലമുറയായും മഹത്വം ഉണ്ടാകട്ടെ. ആമേൻ" (എഫെ.3:20).

**6. അവിടുത്തെ ജീവനാൽ നിറവു പ്രാപിക്ക!**

ദൈവം ആത്മാവിനെ നൽകുന്നതിൽ ഉദാരമതിയാണ്. തന്റെ സ്നേഹം കൊണ്ട് നമ്മെ നിറയ്ക്കുന്നു, തന്റെ സന്തോഷവും സമാധാനവും കൊണ്ട് നമ്മെ നിറയ്ക്കുന്നു, ആത്മീയ അനുഗ്രഹങ്ങളാൽ നമ്മെ അനുഗ്രഹിക്കുന്നു, അവിടുത്തെ ശക്തി നമ്മിൽ പ്രവർത്തിക്കുന്നു. ആകുലപ്പെടരുത്, അതുകൊണ്ട് വിജയകരമായ ഒരു ആത്മീയ ജീവിതം നയിക്കുവാൻ കഴിയും, എന്നാൽ ദൈവത്തോട് ചോദിക്കുക, തന്റെ കവിഞ്ഞൊഴുകുന്ന നിറവിനാൽ നമ്മെ നിറയ്ക്കുവാൻ (എഫെ. 3:14-19). " മാൻ നീർത്തോടുകളിലേക്കു ചെല്ലുവാൻ കാംക്ഷിക്കുന്നതുപോലെ ദൈവമേ എന്റെ ആത്മാവ് നിന്നോടു ചേരുവാൻ കാംക്ഷിക്കുന്നു. എന്റെ ആത്മാവ് ദൈവത്തിനായി , ജീവനുള്ള ദൈവത്തിനായി തന്നെ ദാഹിക്കുന്നു" (സങ്കീ. 42:1,2). "നീതിക്കു വിശന്നു ദാഹിക്കുന്നവർ ഭാഗ്യവാന്മാർ, അവർക്കു തൃപ്തി വരും" (മത്താ. 5:6).

**7. അവിടുത്തെ ജീവനാൽ നിറയുക!**

നമുക്ക് എപ്പോഴും പ്രത്യാശയുള്ളവരായിരിപ്പാൻ കഴിയും, നിർഭാഗ്യവശാൽ നമ്മുടെ സാഹചര്യം പ്രയാസമായിതോന്നാം. ദൈവത്തെക്കുറിച്ചുള്ള യഹോശാഫാത്തിന്റെ കാഴ്ചപ്പാടുകളെക്കുറിച്ച് ചിന്തിക്കുമ്പോൾ ശക്തനായ ശത്രുവിന്റെ മുമ്പിലും. ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ യഹോവേ, നീ സ്വർഗ്ഗസ്ഥനായ ദൈവമല്ലോ; നീ ജാതികളുടെ സകല രാജ്യങ്ങളേയും ഭരിക്കുന്നുവല്ലോ; ആർക്കും എതിർപ്പാൻ കഴിയാത്ത ശക്തിയും പരാക്രമവും നിനക്കുണ്ടല്ലോ" (2ദിന. 20:6). " ഞങ്ങളുടെ ദൈവമേ, നീ അവരെ ന്യായം വിധിക്കയില്ലയോ? ഞങ്ങളുടെ നേരെ വരുന്ന ഈ വലിയ സമൂഹത്തോടെതിർപ്പാൻ ഞങ്ങൾക്കു ശക്തിയില്ല; എന്തു ചെയ്യേണ്ടു എന്ന് അറിയുന്നതുമില്ല; എങ്കിലും ഞങ്ങളുടെ കണ്ണുകൾ നിങ്കലേയ്ക്കു തിരിഞ്ഞിരിക്കുന്നു" (2ദിന. 20:12). കർത്താവു അപ്രകാരമുള്ള താഴ്മയേയും വിശ്വാസത്തെയും ഓർത്തു, ഇടപെട്ട് അവർക്കു വേണ്ടി യുദ്ധം ചെയ്തു! അതുപോലെ, നാം ശാന്തമായി അവിടുത്തെ മുമ്പിൽ കാത്തിരിക്കും എങ്കിൽ, നമുക്കു പ്രത്യാശയും പ്രതീക്ഷയും പോലെ അവിടുന്ന് നമുക്കു വേണ്ടി ചെയ്യും" (സങ്കീ. 62:5).

(ശേഷം 6-ാം പേജിൽ)

(5-ാംപേജിന്റെ തുടർച്ച)

**ഞങ്ങളുടെ വലിയ .....നടക്കും**

**8. വിശുദ്ധരായിരിക്കുക.**

ദൈവം വിശുദ്ധനായിരിക്കുന്നതുപോലെ, നമ്മെ വിശുദ്ധിക്കുവേണ്ടി അവിടുന്ന് വിളിക്കുന്നു (1പത്രൊ. 1:15,16) നാം ദൈവത്തിൽ നിന്നും ജനിച്ചിരിക്കുന്നു എങ്കിൽ, നാം പാപം ചെയ്യരുത്, ദൈവത്തിന്റെ വിത്ത് നമ്മിൽ വസിക്കുന്നു (1യോഹ. 3:9). ദൈവത്തോടുള്ള ബഹുമാനത്തിൽ, ദൈവത്തോടുള്ള ഭയത്തിൽ, ദൈവത്തോടുള്ള സ്നേഹേത്തിൽ, നിങ്ങളിലുള്ള പാപങ്ങളെ ഉപേക്ഷിക്ക, നിങ്ങളെ പൂർണ്ണമായി വിശുദ്ധീകരിപ്പാൻ ദൈവത്തെ അനുവദിക്കുക. സമാധാനത്തിന്റെ ദൈവം തന്നെ നിങ്ങളെ മുഴുവനും ശുദ്ധീകരിക്കുമാറാകട്ടെ. നിങ്ങളെ വിളിക്കുന്നവൻ പ്രത്യക്ഷതയിൽ അനിന്ദ്യമായി കാക്കപ്പെടുമാറാകട്ടെ. നിങ്ങളെ വിളിക്കുന്നവർ വിശ്വസ്തൻ ആകുന്നു; അവൻ അത് നിവർത്തിക്കും " (1തെസ്സ. 23, 24)

തീർച്ചയായും നമ്മുടെ ദൈവത്തെക്കുറിച്ചു എഴുതിയ വചനങ്ങൾ അനവധിയുണ്ട്. ജീവിതത്തിനാവശ്യമായ വചനങ്ങൾ. എന്നാൽ പ്രത്യാശയോടെ ഈ ചെറിയ ലേഖനവും മറ്റനേകം ലേഖനങ്ങളും മൂലം നിങ്ങൾക്ക് നമ്മുടെ ദൈവം വലിവയൻ എന്ന് മനസ്സിലാക്കുവാൻ കഴിയട്ടേ. ❖

# സ്നേഹിക്കുന്ന ദൈവം

By Octavius Winslow

" ദൈവം സ്നേഹം ആകുന്നു "(യോഹ. 4:16). ദൈവത്തിന്റെ ഒരു പൂർണ്ണത മറ്റെന്തിനെക്കാളുമുപരി അധികമായി പ്രകാശിക്കുന്നു എങ്കിൽ അതാണ് ഇത്. മറ്റെല്ലാറ്റിന്റെയും കേന്ദ്രമാണ് സ്നേഹം, വിശുദ്ധിയേയും ഭംഗിയെയും ഒരുമിച്ചു കൂട്ടിത്തുന്നുന്ന സ്വർണ്ണ സൂചിയാണ് സ്നേഹം.

ദൈവത്തിന്റെ സ്വഭാവം, ദൈവസ്നേഹം, വെളിപ്പെടുത്തുന്ന പ്രത്യേക മാർഗ്ഗമാണത്. തന്റെ മഹിമ കൊണ്ട് ഉജ്ജ്വലയായിരിക്കുന്നു. ദൈവത്തിന്റെ വിശുദ്ധിയുടെ സമ്മർദ്ദം, തന്റെ ശക്തിയുള്ള ഭയം, കുറച്ചുപേർ അതിന് കീഴ്പ്പെടുന്നു, ദൈവത്തിങ്കലേക്ക് നമ്മെ ആകർഷിക്കുന്ന സ്നേഹം! അവർ ചെയ്യരുത്, മിക്ക ഭാഗവും, തന്റെ സ്വഭാവത്തിന്റെ വൈശിഷ്ട്യം, തന്റെ കരുണയിൽ സ്നേഹമായി ഉൾക്കൊള്ളുന്നു, ഭീകരമായ സകല അടിമത്വത്തെയും സ്വതന്ത്രമാക്കുന്നു, ഒരു കൊച്ചു കുഞ്ഞിന്റെ ഹൃദയമാക്കിത്തീർക്കുന്നു. എന്നാൽ ദൈവസ്നേഹത്തിലുള്ള വിശ്വാസവും സ്നേഹിക്കുന്ന സ്വഭാവവും, വിശുദ്ധന്മാരോടുള്ള തന്റെ വലിയ സ്നേഹവും വിശുദ്ധിയും പരിധി കൂടാതെയുള്ള അനുസരണവും ആകുന്നു.

അതുപോലുള്ള കല്പനകളില്ല, നിയന്ത്രണമില്ല, അധികാരമില്ല, സ്നേഹം മാത്രം, അതുകൊണ്ട്, ക്രിസ്തുയേശുവിൽ ദൈവത്തിന്റെ സ്നേഹത്തിന്റെ ആഴമായ കാഴ്ചപ്പാട്, ഹൃദയങ്ങളെ ഉണർത്തുന്ന സ്നേഹം, ജീവിതങ്ങളിൽ അനുസരണവും ഉളവാക്കുന്ന സ്നേഹവും ആയിരിക്കും. ദൈവത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ, ഒരു പക്ഷേ, ദൈവത്തിന്റെ വിശുദ്ധിയോ ദൈവത്തിന്റെ നീതിയോ ദൈവത്തിന്റെ ശക്തിയോ ദൈവത്തിന്റെ ന്യായവിധിയോ; ദൈവത്തിന്റെ സ്നേഹത്തോടുള്ള ബന്ധത്തിൽ ചിന്തിക്കുമ്പോൾ; ആത്മാക്കളെ ആദായപ്പെടുത്തുന്ന ആ അത്ഭുത സത്യത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ, പ്രതികരണം ഉളവാക്കുന്ന അഗ്നിയായി ഹൃദയങ്ങളെ അതു കത്തിക്കും, നാവുകൾ ഇടവിടാതെ സ്തുതിയും സ്തോത്രവും അർപ്പിക്കും.

**ദൈവത്തിന്റെ അടിസ്ഥാന ഗുണങ്ങൾ**

ദൈവം സ്നേഹം ആകുന്നു. അത്ര കണ്ട് അവിടുത്തെ സ്വഭാവ വിശേഷണമല്ല തന്റെ അടിസ്ഥാന ഗുണങ്ങൾ. തന്റെ ആസ്തിക്യത്തിൽ ഉള്ള ഒരു ധാർമ്മിക പൂർണ്ണതയുമല്ല. അതിനെക്കുറിച്ച് ആഴമായി പഠിച്ചപ്പോൾ ഇത് ഒരു പൂർത്തീരണ കേന്ദ്രം ആണ്, അതിനെ ചുറ്റിപറ്റിയാണ്, അതിന്റെ സ്ഥിതി വിശേഷവും, അതിൽ നിന്നും, മനുഷ്യന്റെ രക്ഷയും അതിന്റെ പദവികളും വരുന്നു. അങ്ങനെ ഉദാഹരണമായി, സർവ്വ ശക്തി എന്നത് സ്നേഹത്തിന്റെ ശക്തിയാണ്, സർവ്വ ജ്ഞാനി എന്നത് സ്നേഹത്തിന്റെ കാഴ്ചയാണ്, സർവ്വ വ്യാപി എന്നത് സ്നേഹത്തിന്റെ അവസ്ഥയാണ്, വിശുദ്ധി എന്നത് സ്നേഹത്തിന്റെ വിശുദ്ധിയാണ്, നീതി എന്നത് സ്നേഹത്തിന്റെ തീയാണ്; അങ്ങനെ നാം ദൈവീക പൂർത്തീകരണത്തിന്റെ വൃത്തത്തിൽ എത്തിച്ചേരുന്നു, അങ്ങനെ നാം സ്നേഹത്തിന്റെ പൂർത്തീകരണത്തിന്റെ ഓരോ ഭാവങ്ങളിലേക്ക് നാം എത്തിച്ചേരുന്നു.

സ്നേഹം എന്നത് ദൈവത്തിന്റെ അടിസ്ഥാന ഗുണങ്ങളുടെ പൂർത്തീകരണം ആണ്; അത് തന്റെ പ്രകൃതിയിലെ പൂർത്തീകരണത്തിൽ അത് പ്രതിഫലിക്കുന്നു. തന്റെ സൃഷ്ടിയിലെ ഓരോ പ്രവൃത്തിയിലും അത് പ്രതിഫലിക്കുന്നുണ്ട്. ഒരു ഉറവയിൽ നിന്നും പുറപ്പെടുന്ന എല്ലാ അരുവികളും അടിസ്ഥാനപരമായി അതിന്റെ ഉറവിടത്തോട് ബന്ധപ്പെട്ടിരിക്കുന്നു. വെളിച്ചത്തിന്റെ എല്ലാ കിരണങ്ങളും അത് പുറപ്പെടുന്ന സൂര്യനോട് എല്ലാ നിലയിലും ബന്ധപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ എല്ലാ പൂർണ്ണതകളും സ്നേഹത്തിൽ രൂപപ്പെട്ടു ലളിതമായിരിക്കുന്നു, തന്റെ കല്പനകളുടെ പൂർത്തീകരണത്തിലും, ഓരോരുത്തരും, യോജിച്ച്, പ്രവർത്തിക്കുന്നു. അതല്ലെങ്കിൽ തന്റെ ജ്ഞാനം വ്യർത്ഥമായിപ്പോകും, തന്റെ ശക്തി പ്രയോജനമല്ലാത്തതായിത്തീരും, തന്റെ വിശുദ്ധി നമ്മെ ഭീതിപ്പെടുത്തുന്നതായിരിക്കും, തന്റെ നീതി നമ്മെ ന്യായം വിധിക്കുന്നതായിരിക്കും, തന്റെ സത്യം തനിയേ നില്ക്കും, പ്രഖ്യാപനങ്ങൾ ഭയാനകങ്ങളായിരിക്കും.

ഇപ്പോൾ, ദൈവം അടിസ്ഥാന സ്നേഹം ആണ്. അവിടുന്ന് സ്നേഹിക്കുക മാത്രമല്ല, അവിടുന്ന് സ്നേഹം ആണ്; അവിടുന്ന് നല്ലവൻ മാത്രമല്ല, അവിടുന്ന് നന്മയാണ്. ദൈവം സ്നേഹം ആകുന്നു, ദൈവത്തിൽ നിന്നു മറ്റൊരുത്തനിൽ നിന്നുമല്ല; അവിടുന്ന് യഥാർത്ഥ സ്വതന്ത്ര സ്നേഹമാണ്. ഓരോ ജീവജാലങ്ങളും അതതിന്റെ സ്നേഹം ആർജിക്കുന്നു, എന്നാൽ സ്നേഹിക്കുവാനുള്ള കഴിവ്, ദൈവത്തിൽ നിന്നുമാണ്. എന്നാൽ ദൈവം സ്നേഹം പുറപ്പെടുവിക്കുന്നു, സ്നേഹിക്കുവാനുള്ള ശക്തി, മറ്റൊരു സ്ഥാനത്തു നിന്നുമല്ല, ദൈവത്തിൽ നിന്നു മാത്രം.

**എല്ലാറ്റിനും മതിയായവൻ, അനന്തമായ സ്നേഹം**

ദൈവത്തിന്റെ യഥാർത്ഥ സ്നേഹത്തിലേക്ക് വരുമ്പോൾ ആ സ്നേഹം ക്രൂശിൽ നിന്നും ഒഴകി വരുന്നു. നാം ഒരുവന്റെ അടുക്കലേക്ക്

(ശേഷം 7-ാം പേജിൽ)

(6-ാംപേജിന്റെ തുടർച്ച)

**സ്നേഹിക്കുന്ന ദൈവം**

വരുമ്പോൾ തന്റെ സ്നേഹം നമ്മുടെ പാപങ്ങളെ മറയ്ക്കുന്നു എന്നു തോന്നും, ദു:ഖം നമ്മുടെ കഴിവുകേടുകൾ, നമ്മുടെ വിവിധങ്ങളായ ആവശ്യങ്ങൾ, തലമുടിയുടെ നഷ്ടം ജീവിതത്തിലെ എണ്ണമറ്റ ആവശ്യങ്ങൾ. വിശ്വാസത്തിന് വലിയ ആശ്വാസം, ഇങ്ങനെ തന്റെ യഥാർത്ഥ സ്നേഹം പ്രദർശിപ്പിക്കുന്നു, നമ്മെ വേട്ടയാടുന്ന ആവശ്യ ഭാരങ്ങളിൽ നിന്നും ആശ്വാസം നൽകുന്നു. നാം ക്രിസ്തുവിൽ കൂടെ ദൈവത്തിന്റെ അടുക്കലേക്ക് വരുമ്പോൾ, അപ്പന്റെ പ്രകൃതി സ്നേഹം എന്നതിലുറച്ച്, മറ്റെല്ലാ വഴികളും അടയുമ്പോൾ, ദൈവം നമ്മെ നിരാശപ്പെടുത്തുന്നില്ല, എന്നാൽ നമ്മെ ചേർത്തണയ്ക്കുന്നു.

തന്റെ സ്നേഹം അനന്തമായതാണ്. അനന്തതയെക്കുറിച്ച് ചിന്തിക്കുമ്പോൾ വളരെ താണ നിലവാരവും ചിന്താഗതിയുമാണ് അനേകമതങ്ങളിലും നമുക്കു കാണാൻ കഴിയുന്നത്. ഇത് യിസ്രായേലിന്റെ പരിശുദ്ധനെ വളരെ പരിമിതമാക്കിത്തീർക്കുകയാണ്. ഗ്യാരന്റിയില്ലാത്ത നമ്മുടെ ജീവിതവും നമ്മുടെ ചിന്താഗതികളും ദൈവത്തിന്റെ മഹിമയെ നമ്മുടെ പരിധിയിൽ നിർത്തുവാൻ ശ്രമിക്കുന്നു. എന്നാൽ ദൈവം നിത്യനാണ്. തന്റെ നിത്യതയുടെ മഹിമയുള്ള കാഴ്ചപ്പാട്, നമ്മെ തളർത്തുവാനല്ല, നമ്മുടെ വിശ്വാസത്തെ വർദ്ധിപ്പിക്കുന്നതാണ്; നമ്മെ തള്ളിക്കളയുന്നില്ല, നമ്മെ ആകർഷിക്കുന്നതാണ്. ദൈവത്തിന്റെ മഹിമ തന്നോട് അടുത്ത് ചെല്ലുവാൻ നമ്മെ ധൈര്യപ്പെടുത്തുന്നു. തീർച്ചയായും അവിടുത്തെ നാമത്തെ വിളിച്ചപേക്ഷിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നു.

നിത്യനായ ദൈവത്തിന്റെ മുമ്പിൽ നാം കടന്നു വരുമ്പോൾ, നാം അവിടുത്തെ മുമ്പാകെ സമുദ്രത്തിൽ മുങ്ങിയ ഒരു ചെറുകണികയെപ്പോലെ വെളിപ്പെടുന്നു, എന്നിരുന്നാലും, ഒരു ചെറിയ പാത്രമായി തന്റെ മുമ്പാകെ കാണപ്പെടുന്നു എങ്കിൽ പോലും, ദൈവം നമ്മെ അണച്ചുകൊള്ളുന്നു. നമ്മുടെ പാപത്തിന്റെ ആഴങ്ങളെ കണ്ടുണരുവാൻ നമ്മെ സഹായിക്കുന്നു, ക്ഷമം, ഇല്ലായാമകൾ, തന്റെ നിത്യമായ സ്നേഹത്തെ അറിയുവാൻ നമ്മെ സഹായിക്കുന്നു, ദൈവത്തിന്റെ കൃപയും മഹിമയും അറിയുവാൻ നമ്മെ സഹായിക്കുന്നു.

അടുത്തു ചെല്ലാം, അപ്പോൾ, ഈ സ്നേഹത്തെ, പ്രിയവായനക്കാരാ, പൂർണ്ണ സമർപ്പണത്തോടെ ഇതിന്റെ പൂർണ്ണ അളവിൽ, ഇത് നമ്മുടെ എല്ലാവിധത്തിലുമുള്ള പരുക്കൻ അനുഭവങ്ങളേയും സ്വഭാവത്തെയും തുടച്ചു മാറ്റും, പാപങ്ങളും ദു:ഖങ്ങളും കൊണ്ട് നിറഞ്ഞിരിക്കുന്ന നമ്മുടെ കൊച്ചു ഡീവിതം അവിടുന്ന് മധുരമുള്ളതായി തീർക്കും. നിങ്ങളുടെ അകൃത്യങ്ങൾ നിങ്ങളെ കീഴ്പ്പെടുത്തിക്കളയാതിരിക്കട്ടെ, നിങ്ങളുടെ ആഴമായ ആവശ്യഭാരങ്ങൾ നിങ്ങളെ അധൈര്യപ്പെടുത്തിക്കളയാതിരിക്കട്ടെ, നിങ്ങളുടെ പാപത്തെക്കുറിച്ചുള്ള ലജ്ജ നിങ്ങളെ തളർത്താതിരിക്കട്ടെ; നിങ്ങളുടെ ദു:ഖങ്ങൾ നിങ്ങളെ തളർത്താതിരിക്കട്ടെ. ദൈവസ്നേഹം നിത്യമാണ് എന്ന് നിങ്ങൾ ഉറയ്ക്കുക. നിങ്ങളുടെ എല്ലാവിധ ആവശ്യങ്ങൾക്കും മതിയായവൻ എന്ന് ബലപ്പെടുക. വലുതും ചെറുതുമായ നിങ്ങളുടെ പാപങ്ങളുമായി ദൈവത്തിങ്കലേക്ക് വരിക, വലുതും ചെറുതുമായ ആവശ്യങ്ങളുമായി അവിടുത്ത അടുക്കൽ വരിക. സമുദ്രം പോലെ വിശാലമായ ദൈവസാന്നിദ്ധ്യത്തിലേക്ക് വരിക, ആ സാന്നിദ്ധ്യത്തൽ നീന്തിക്കുളിക്കുക.

❖

## ദൈവം നിങ്ങളെ സ്നേഹിക്കുന്നു

By Wesley L. Duewel

ദൈവം നിങ്ങളെ വ്യക്തിപരമായി നിത്യതയിൽ നിന്നും സ്നേഹിക്കുന്നു. നിങ്ങളുടെ അപ്പനും അമ്മയും ജനിക്കും മുമ്പേ, ക്രിസ്തു ജനിക്കുന്നതിനുമുമ്പ്, ഭൂമിയും ഈ പ്രപഞ്ചവും സൃഷ്ടിക്കപ്പെടുന്നതിന് മുമ്പ്, നിങ്ങൾക്കു വേണ്ടി പദ്ധതി തയ്യാറാക്കിയിരുന്നു. ദൈവത്തിന് നിങ്ങളെക്കുറിച്ച് പദ്ധതിയുണ്ട്. ആയിരക്കണക്കിന് ആളുകൾ ജനിച്ചു മരിച്ചു, ഭൂമിയിലെ ജനങ്ങൾ അതിവേഗം പെരുകിക്കൊണ്ടിരിക്കുന്നു. ഓരോരുത്തരുടെയും എല്ലാവിധ ആവശ്യങ്ങളും ദൈവം അറിയുന്നു. ദൈവത്തിന് നിങ്ങളെക്കുറിച്ചു പ്രത്യേകമായ പദ്ധതിയും ഉദ്ദേശവുമുണ്ട്. നമുക്കു വിശ്വസിക്കുവാൻ കഴിഞ്ഞില്ല എങ്കിലും ദൈവവചനത്തിൽ വ്യക്തമായി കാണുവാൻ കഴിയും.

എന്തനുഗ്രഹിക്കപ്പെട്ട ഒരു യാഥാർത്ഥ്യമാണിത്. ദൈവത്തിന്റെ അനുഗ്രഹിക്കപ്പെട്ട പ്രകൃതിയാണ് പൂർണ്ണ സ്നേഹം. ദൈവത്തിന്റെ ത്രിത്വത്തിൽ ദൈവത്തിന്റെ നിത്യമായ, സ്ഥിരമായ, പൂർണ്ണമായ സ്നേഹമുണ്ട്. പിതാവായ ദൈവം, പുത്രനായ ദൈവം, പരിശുദ്ധാത്മാവ് ആയ ദൈവം, ഇതിൽ വലിയ ഒരു കൂട്ടായ്മയും വലിയ പരസ്പര സ്നേഹവും കാണാൻ കഴിയും. മൂന്ന് ആളത്വങ്ങളിലും പരസ്പര സ്നേഹവും നിത്യമായ സ്നേഹവും കാണാൻ കഴിയും. ഇവിടെ ആഴമായ കൂടുതൽ വിശുദ്ധമായ സ്നേഹം, സന്തോഷം എന്നിവ ഈ കൂട്ടായ്മക്കു മേലായി നമുക്കു കാണാൻ കഴിയുകയില്ല.

മാത്രമല്ല, തന്റെ ദൂതസഞ്ചയത്തിമേൽ ഇതുപോലുള്ള വിശാലമായ സ്ഥിരമായ, അത്ഭുതകരമായ സ്നേഹം കാണാൻ കഴിയുകയില്ല. രാവും പകലും അവർ ദൈവത്തെ ആരാധിച്ച് ദൈവസ്നേഹത്തെ പ്രകീർത്തിക്കുന്നു. ദൈവത്തിന്റെ അത്ഭുതകരമായ ആസ്തിത്വമാണ് അവരുടെ ധ്യാനവും സന്തോഷവും. അവിടുത്തെ പ്രവൃത്തികളാണ് അവരുടെ അനുഗ്രഹിക്കപ്പെട്ട പദവി. അവർ സ്നേഹത്തോടെ മഹത്വപ്പെടുത്തുന്നു, സന്തോഷത്തോടെ ആരാധിക്കുന്നു, അതിൽ ആനന്ദവും സംതൃപ്തിയും, അവിടുത്തെ നിത്യമായ സ്നേഹത്തെയും പ്രകീർത്തിക്കുന്നു.

അപ്പോൾ നിങ്ങളെയും എന്നെയും അധികം സന്തോഷവും അനുഗ്രഹവും ഉളവാക്കുന്ന ഈ അനുഭവത്തിലേക്കു നടത്തുവാൻ ദൈവത്തിന് എങ്ങനെ കഴിഞ്ഞു? നമ്മുടെ സ്നേഹം വ്യാജമാണെന്ന് ദൈവത്തിന് തോന്നിയിരിക്കാം. ത്രിത്വത്തിലും ദൂതന്മാരുടെയിടയിലും കാണിച്ച ദൈവസ്നേഹത്തെ താരതമ്യപ്പെടുത്തുമ്പോൾ നമ്മുടെ സ്നേഹം ഏതുമില്ല എന്ന് അവിടുത്തേയ്ക്കു തോന്നിയേക്കാം. നാം ദൈവത്തെ പലപ്പോഴും മറന്നുപോകുന്നു എങ്കിൽപ്പോലും ദൈവം നമ്മെ എല്ലായ്പ്പോഴും ഓർക്കുന്നു. നമ്മുടെ സ്നേഹം പലപ്പോഴും തണുത്തുപോകുന്നു എങ്കിൽപ്പോലും നമ്മോടുള്ള ദൈവത്തിന്റെ സ്നേഹത്തിനും അവിടുത്തെ സ്നേഹത്തിന്റെ ദാഹത്തിനും ഒരി

(7-ാംപേജിന്റെ തുടർച്ച)

## ദൈവം നിങ്ങളെ സ്നേഹിക്കുന്നു.

ക്കലും മാറ്റമില്ല.

നാം ചെറിയ കാര്യങ്ങളുടെ പേരിൽ ദൈവത്തെ മറന്നുകളയാറുണ്ട്. ആദ്യസ്നേഹം പലപ്പോഴും മറന്നു കളയാറുണ്ട്. എന്നാൽ ദൈവത്തിന് അതു കഴിയുകയില്ല. ദൈവം തന്റെ നിത്യമായ സ്നേഹത്താൽ നമ്മെ സ്നേഹിക്കുന്നു എന്നാൽ നമ്മുടെ ഇടുങ്ങിയ ചിന്തകളാൽ ദൈവത്തെ വേദനിപ്പിക്കാറുണ്ട്. അവിടുത്തെ നമുക്കു വേണ്ടി ദാഹിക്കുന്നു എന്നാൽ നമ്മുടെ പ്രതികരണം പലപ്പോഴും ദൈവം ദു:ഖിപ്പിക്കുന്നതാണ്. അതെ, പ്രിയ വിശ്വാസികളെ ദൈവം എത്രമാത്രം നമ്മെ സ്നേഹിക്കുന്നു?

തീർച്ചയായും, നിങ്ങൾ മനസിലാക്കിയിരിക്കുന്നുണ്ടാകില്ല, ദൈവം നിങ്ങളെ എത്രമാത്രം ശ്രദ്ധിക്കുന്നു എന്ന്! എന്നാൽ, അതല്ല. ദൈവം നിങ്ങളെ സ്നേഹിക്കുന്നു. പിതാവ് പുത്രനെ സ്നേഹിക്കുന്നതുപോലെ പുത്രനായ ദൈവം പിതാവിനെ സ്നേഹിക്കുന്നതുപോലെ, തന്റെ നിത്യമായ സ്നേഹത്തിനാൽ അവിടുന്ന് നമ്മെ സ്നേഹിക്കുന്നു. ഇത് സാദ്ധ്യമാണോ? ഇത് സത്യമാണെന്ന് വിശ്വസിപ്പാൻ നമുക്കു കഴിയുമോ? നിശ്ചയമായം! കർത്താവിന്റെ വാക്കുകളെ ശ്രദ്ധിക്കുക: " പിതാവ് എന്നെ സ്നേഹിച്ചതുപോലെ, ഞാനും നിങ്ങളെ സ്നേഹിക്കുന്നു " (യോഹ. 15:9). " നീ എന്നെ അയച്ചിരിക്കുന്നു എന്നും നീ എന്നെ സ്നേഹിക്കുന്നതുപോലെ അവരെയും സ്നേഹിക്കുന്നു എന്നും ലോകം അറിയുവാൻ (യോഹ. 17:23). " നീ എന്നെ സ്നേഹിക്കുന്ന സ്നേഹം അവരിൽ ആകുവനും ഞാൻ അവരിൽ ആകുവാനും ഞാൻ നിന്റെ നാമം അവർക്ക് വെളിപ്പെടുത്തിയിരിക്കുന്നു; ഇനിയും വെളിപ്പെടുത്തും " (വാക്യം 2).

പിതാവ് പുത്രനെ സ്നേഹിക്കുന്നതുപോലെ അതേ അനന്തമായ, പൂർണ്ണമായ, സ്ഥിരമായ, നിത്യമായ സ്നേഹത്താൽ പിതാവായ ദൈവം നമ്മെ സ്നേഹിക്കുന്നു. പിതാവായ ദൈവം പുത്രനായ ദൈവത്തെ ലോകസ്ഥാപനത്തിന് മുമ്പു തന്നെ സ്നേഹിച്ചു. (യോഹ. 17:24). അതുപോലെ ദൈവം നമ്മെ ലോകസ്ഥാപനത്തിനു മുമ്പേ സ്നേഹിച്ചു. " നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന് അവൻ ലോകസ്ഥാപനത്തിന് മുമ്പേ നമ്മെ അവനിൽ തെരഞ്ഞെടുത്തു " (എഫെ. 1:4).

ദൈം തനിക്കുണ്ടായിരുന്ന താല്പര്യവും പരിഗണനയും നമ്മുടെ ജീവിതത്തിന്റെ വിശദമായ വിവരങ്ങളും തന്റെ ലോകത്തിലെ ജീവിത കാലത്തും ഉണ്ടായിരുന്നു. ഓരോ പ്രാർത്ഥനയിലും പിതാവ് സന്തോഷിക്കുന്നു. നമ്മുടെ ഓരോ നല്ല ചിന്തകളിലും, തന്നെക്കുറിച്ചുള്ള എല്ലാ ഓർമ്മയിലും, നമ്മുടെ ജീവിതത്തിലെ ദൈവത്തോടുള്ള ഓരോ നല്ല പ്രതികരണങ്ങളിലും തന്റെ നിത്യമായ സ്നേഹത്താൽ നമ്മെ സ്നേഹിക്കുന്നു. തന്റെ ഏകജാതനായ പുത്രനെക്കുറിച്ചു ദാഹിക്കുന്നതുപോലെ പിതാവായ ദൈവം നമുക്കു വേണ്ടി ദാഹിക്കുന്നു.

എന്റെ പ്രിയ സഹോദരീ സഹോദരന്മാരേ, ഈ വിശുദ്ധ മർമ്മത്തിന്റെ മുമ്പിൽ നമുക്കു ബഹുമാനത്തോടെ വീഴാം. അവിടുത്തെ ആദ്യജാതനെ സ്നേഹിക്കുന്നതുപോലെ നമ്മെ സ്നേഹിക്കുന്നു. എങ്ങനെ നിങ്ങൾക്കു അവിടുത്തെ മുമ്പാകെ വിചാരമില്ലാതെ നിർന്നിമേഷരായിരിപ്പാൻ കഴിയും? ദൈവം ഓരോ നിമിഷവും നമ്മെ സ്നേഹിക്കുന്നു, പകലും രാത്രിയും, നാം ഉണർന്നിരിക്കുമ്പോഴും ഉറങ്ങിക്കിടക്കുമ്പോഴും, നിങ്ങൾ പ്രാർത്ഥിക്കുമ്പോഴും പ്രവർത്തിക്കുമ്പോഴും, നാം രോഗിയായിരിക്കുമ്പോഴും നാം സൗഖ്യമായിരിക്കുമ്പോഴും, സന്തോഷത്തോടെ ദൈവത്തെ സേവിക്കുമ്പോഴും നിരാശരായിരിക്കുമ്പോഴും ഓരോ നിമിഷവും ദൈവം നമ്മെ സ്നേഹിക്കുന്നു.

നാം ദൈവത്തെ പലപ്പോഴും തോല്പിച്ചിട്ടുണ്ട്. എന്നാൽ അവിടുന്ന് നിരന്തരമായി നമ്മെ സ്നേഹിക്കുന്നു. നാം പലപ്പോഴും ദൈവത്തെ മറന്നുകളയാറുണ്ട്. എന്നാൽ ഒരു നിമിഷം പോലും ദൈവം നമ്മെ മറക്കുന്നില്ല. നാം പലപ്പോഴും അവിടുത്തെ ദു:ഖിപ്പിക്കാറുണ്ട്. അവിടുന്ന് നമ്മോട് ഒരിക്കൽ പോലും സ്നേഹത്തിന് കുറവ് കാണിച്ചിട്ടില്ല. അവിടുത്തെ സ്നേഹം നിങ്ങളുടെ വേദനകൾ മറക്കുന്നതാണ്. നിങ്ങൾ തനിച്ചിരിക്കുമ്പോഴും അവിടുത്തെ സ്നേഹം നമ്മോടുകൂടെയുണ്ട്. ഓരോ സമയവും നിങ്ങളുടെ ഹൃദയങ്ങളെ പ്രാർത്ഥനയിൽ ദൈവത്തോട് ഉയർത്തുമ്പോൾ അവിടുത്തെ ഹൃദയം നമ്മെ ഓർത്തു ജാഗരിച്ചിരിക്കും, അവിടുത്തെ അത്ഭുതകരമായ നിത്യമായ സ്നേഹത്തിൽ നിന്നും നാം വഴുതി പുറത്തു പോകുമ്പോഴും അവടുത്തെ സ്നേഹം നമ്മോടുകൂടെയിരിക്കും.

ഞാൻ ഉറച്ചു വിശ്വസിക്കുന്നു, എത്രകണ്ട് ദൈവം നിങ്ങളെ സ്നേഹിക്കുന്നു എന്ന് നിങ്ങൾ യാഥാർത്ഥ്യമാക്കിയിട്ടില്ല. നിശ്ചയമായി, ഇതു അസാദ്ധ്യമാണ്, പൂർണ്ണമായി യാഥാർത്ഥ്യമാക്കുവാൻ നമുക്ക് കഴിയുന്നില്ല. നിങ്ങൾക്ക് വേണ്ടിയുള്ള അവിടുത്തെ സ്നേഹം തികച്ചും വ്യക്തിപരമാണ്, അനന്തമാണ്, അത്ഭുതകരമാണ്. അവിടുന്ന് നമുക്കായി ജീവിക്കുന്നു. അവിടുന്ന് നമുക്ക് വേണ്ടി പദ്ധതിയൊരുക്കുന്നു. അവിടുന്ന് നമ്മെ സൂക്ഷിക്കുന്നു. അവിടുന്ന് നമ്മിൽ സന്തോഷിക്കുന്നു. അവിടുന്ന് നമുക്കുവേണ്ടി കാത്തിരിക്കുന്നു. അവിടുന്ന് നമുക്കു മുമ്പേ പോകുന്നു. അവിടുന്ന് നമ്മെ അനുഗമിക്കുന്നു. അവിടുന്ന് നമുക്കു ചുറ്റും ഉണ്ട്. അവൻ മാനുഷിക ചിന്താഗിതകൾക്കപ്പുറത്താണ്. ഞാൻ നിങ്ങളോടു പറയാൻ കഴിയുന്നതിനെ എല്ലാം അവിടുന്നു നിങ്ങളെ സ്നേഹിക്കുന്നു. ദൈവം, ദൈവം! ചിന്തിക്കുന്നതിനെക്കുറിച്ച്! അവിടുന്ന് അത്ഭുതവാനാണ്, അവിടുന്ന് ദൈവമാണ്. ദൈവം നിങ്ങളെ സ്നേഹിക്കുന്നു.

അത്ഭുതകരമായ ഈ ഉറപ്പിലേക്ക് വരിക! വരിക, നമ്മുടെ ഹൃദയത്തിന്റെ ചിന്തകളെ പങ്കിടാം. അവിടുന്ന് നിങ്ങളുടെ പിതാവ്, അവിടുന്ന് നിങ്ങളെ സ്നേഹിക്കുന്നു. അവിടുന്ന് പ്രാർത്ഥനയിൽ നിങ്ങളുടെ ശബ്ദം കേൾക്കുവാൻ കാത്തിരിക്കുന്നു. ദൈവം നിങ്ങളെ അതിരറ്റു സ്നേഹിക്കുമ്പോൾ എന്തിന് ഭാരപ്പെടണം? നിങ്ങളുടെ ഹൃദയം സന്തോഷത്താൽ പാട്ടുപാടട്ടെ. എന്നാൽ നിന്നു ചിന്തിക്കുക, ജീവിതത്തിന്റെ ബാക്കിയുള്ള നാളുകൾ ഈ അനുഗ്രഹിക്കപ്പെട്ട സ്നേഹത്തിനായി പ്രതികരിക്കാം. ശാന്തമായ സ്വരത്തിൽ ഞാൻ പറയുന്നു, ദൈവം നിങ്ങളെ സ്നേഹിക്കുന്നു; മുട്ടിന്മേൽ വീഴുക, എന്നിട്ട്, ആരാധിക്കുക, സ്നേഹിക്കുക, അനുസരിക്കുക. എന്റെ പ്രിയ സഹോദരീ സഹോദരന്മാരേ, ദൈവം നിങ്ങളെ സ്നേഹിക്കുന്നു.

പിതാവേ, അങ്ങയെ സ്ഥിരമായി സ്നേഹിപ്പാൻ ഞങ്ങളെ സഹായിക്കേണമേ. ❖

# അനുദിനം ദൈവത്തോടുള്ള കൂട്ടായ്മ

By Andrew Murray

വിശ്വാസിയുടെ ആദ്യത്തേതും പ്രധാനപ്പെട്ടതുമായ ആവശ്യം എന്നത്, ദൈവത്തോടുള്ള കൂട്ടായ്മ ആചരിക്ക എന്നതാണ്. ദൈവത്തിൽ ആശ്രയിച്ചാണ് നമ്മുടെ ആത്മീയജീവിതം നിലകൊള്ളുന്നത്. ഓരോ നിമിഷവും നമുക്കാവശ്യമായ ശുദ്ധവായു നമുക്കാവശ്യമാണ്. സൂര്യൻ അതിന്റെ പുതിയ കിരണങ്ങൾ ഭൂമിയിലേക്ക് അയക്കുന്നു. അതുപോലെ ദൈവവുമായി നിരന്തരമായ ബന്ധം ഉണ്ടെങ്കിലേ നമ്മുടെ ആത്മീക ജീവിതം ശക്തമാകൂ.

മന്നാ അടുത്ത ദിവസത്തേക്ക് അത് ചീത്തയായിപ്പോകും. എനിക്ക് സ്വർഗ്ഗത്തിൽ നിന്നുള്ള പുതിയ കൃപ ആവശ്യം, അതു ദിവസന്തോറും ഞാൻ ദൈവത്തിൽ നിന്നും നേരിട്ട് പ്രാപിക്കുന്നു. ഓരോ ദിവസത്തിന്റെയും ആരംഭത്തിൽ ദൈവത്തിനായി കാത്തിരുന്നു, അവിടുത്തെ സ്പർശനത്തിനായി ഏല്പിക്കുന്നു.

**ദൈവത്തിന്റെ മുമ്പിൽ വണങ്ങുക**

ഒടുവിൽ, ആദ്യമായി ധ്യാനത്തിനായി ദൈവത്തിന്റെ മുമ്പിൽ നിങ്ങളെത്തന്നെ ഒരുക്കുക. പ്രാർത്ഥനയിൽ അല്ലെങ്കിൽ ആരാധനയിൽ, ദൈവത്തിൽ ആശ്രയിച്ച് ഒരു സ്ഥലം തെരഞ്ഞെടുക്കുക. താഴ്മയോടും വിനയത്തോടും അവിടുത്തെ മുമ്പിൽ തലവണക്കുക. ദൈവം ഉണ്ട്. ദൈവം സമീപം ആയിരിക്കുന്നു. ദൈവം സ്നേഹം ആകുന്നു, അവിടുന്ന് നമ്മോടു സംസാരിക്കുവാൻ ആഗ്രഹിക്കുന്നു. ദൈവം, സർവ്വശക്തനായവൻ, അവിടുന്ന് പ്രവർത്തിക്കുന്നു. നിങ്ങളിൽ പ്രവർത്തിക്കുവാൻ കാത്തിരിക്കുന്നു, അവിടുന്ന് തന്നെത്താൻ നിങ്ങൾക്ക് വെളിപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു.

നിങ്ങളെ ദൈവകരങ്ങളിൽ കൊടുക്കുമ്പോൾ, ബഹുമാനത്തിൽ, മഹത്വത്തിലും ശക്തിയിലും, താഴ്മയോടുകൂടി, തന്റെ പരിശുദ്ധാത്മാവിനെ, താഴ്മയുടെ ആത്മാവിനെ തന്നെ നൽകുന്നു. ഒരു സൃഷ്ടി എന്ന നിലയിൽ, അനുഗ്രഹിക്കപ്പെട്ട പദവിയാണിത്. ദൈവം നിങ്ങളുടെ ജീവിതത്തിൽ എല്ലാം ആകുന്നു. ഒരു പാപി എന്ന നിലയിൽ ദൈവത്തിങ്കലേക്ക് നോക്കുവാൻ യോഗ്യനല്ല; ദൈവസന്നിധിയിൽ വണങ്ങുക. ഒരു വിശുദ്ധൻ എന്ന നിലയിൽ തന്റെ സ്നേഹം നമ്മുടെ മേൽ പകരുന്നു, ഇപ്പോഴും നിങ്ങളെത്തന്നെ താഴ്ത്തുക. അവിടുത്തെ നന്മയ്ക്കായ് കരുണയ്ക്കായ് നമ്മെ താഴ്ത്തുക. അവിടുന്ന് നമ്മെ ഉയർത്തും.

**ക്രിസ്തുവിൽ നിങ്ങളുടെ സ്ഥാനം ഉറപ്പാക്കുക.**

ക്രിസ്തുവിൽ നിങ്ങളുടെ പദവിയെയോർത്തു സ്തോത്രം ചെയ്യുക. ദൈവം തന്റെ പ്രിയ പുത്രനിൽ പ്രസാദിക്കുന്നു, അതുപോലെ താൻ അണച്ചുകൊള്ളുന്നവരിലും അവിടുന്ന് പ്രസാദിക്കുന്നു. ആഴമായ ദൈവസാന്നിദ്ധ്യത്തിലേക്ക് പ്രവേശിക്കുക, രക്തത്താൽ നമുക്കു വരുത്തിയ അംഗീകാരത്തിനായി നന്ദി പറയുക, ക്രിസ്തുവിൽ നിങ്ങൾ ദൈവപ്രസാദം നേടിയിരിക്കുന്നു. ക്രിസ്തുവിൽ നിങ്ങൾക്ക് പ്രശംസയുണ്ട്. അവിടുന്ന് ഹൃദയംഗമായി നമ്മെ സ്നേഹിക്കുന്നു. ഇതാണ് ദൈവവുമായുള്ള കൂട്ടായ്മയുടെ ഫലം, ക്രിസ്തു നമ്മിൽ ഉരുവാകുന്നു എന്നുള്ള ഫലവും ദൈവം നമ്മിൽ കാണുന്നു.

ഈ ക്രിസ്തു ഒരു ജീവിക്കുന്ന വ്യക്തിയാണ്. അവിടുന്ന് നിങ്ങളെ വ്യക്തിപരമായി സ്നേഹിക്കുന്നു, അവിടുന്ന് തന്നോടുള്ള നിങ്ങളുടെ സ്നേഹത്തിന്റെ പ്രതികരണം കാണുവാനാഗ്രഹിക്കുന്നു. ആശ്രയത്തോടെ അവിടുത്തെ മുഖത്തേക്ക് നോക്കുക, തന്റെ സ്നേഹം നിങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശിക്കുന്നു. നിങ്ങൾ അവിടുത്തെ സ്നേഹിക്കുന്നു എന്ന് പറയുന്നതിലൂടെ അവിടുത്തെ ഹൃദയത്തെ സന്തോഷിപ്പിക്കുക. അവിടുന്ന് പാപത്തിന്റെ ശക്തിയിൽ നിന്നും നമ്മെ വിടുവിക്കുവാൻ, നമ്മുടെ രക്ഷകനും സൂക്ഷിപ്പുകാരനുമായി നമുക്കായി അർപ്പിക്കപ്പെട്ടു. " ഞാൻ അവിടുത്തോട് അടുത്തിരുന്നാൽ പാപം ചെയ്യുവാൻ എനിക്ക് കഴിയില്ലേ? " എന്ന് ചോദിക്കരുത്. എന്നാൽ, അവിടുന്ന് എന്നെ സൂക്ഷിച്ചാൽ, എനിക്ക് പാപം ചെയ്യാൻ കഴിയുമോ? എന്നു ചോദിക്കണം. അപ്പോൾ മനസിലാകും, നാം അവിടുത്തെ കരങ്ങളിൽ എത്ര സുരക്ഷിതരാണെന്ന്.

ക്രിസ്തുവിന്റെ ജീവൻ ഒരു ശക്തിയായി നമ്മിൽ ഉണ്ട് എന്ന് മാത്രമല്ല, തന്റെ സാന്നിദ്ധ്യം ഒരു വ്യക്തിയായി നമ്മിൽ ഉണ്ട്, എന്നത്രേ, താൻ വ്യക്തിപരമായി നമ്മിൽ ഉണ്ട് എന്നത്രേ. അവിടുന്ന് നമ്മുടെ ജീവിതത്തിൽ ഉരുവായിരിക്കുന്നു, അതായത് തന്റെ രൂപം, തന്റെ സാന്നിദ്ധ്യം, നമ്മിൽ കാണുവാൻ കഴിയും. ഇന്നേ ദിവസം നിങ്ങളുടെ ജീവിതത്തിൽ നന്മയുടെ അനുഗ്രഹത്തിന്റെയും വഴികൾ തുറക്കുന്നത് വരേയും തലവണക്കുക. ദൈവത്തോട് പറയുക, "പിതാവേ, എനിക്ക് കഴിയുന്ന നിലയിൽ അങ്ങയുടെ രൂപം എന്നിൽ വളരുവാൻ ഞാൻ കാത്തിരിക്കുന്നു ". അവിടുത്തെ പക്കൽ നിന്നു കേൾക്കുവാൻ കാത്തിരിക്കുന്നു, " എന്റെ കുഞ്ഞേ, ക്രിസ്തുവിനെ എത്രത്തോളം പ്രാപിക്കുവാൻ നിങ്ങൾക്കു കഴിയുമോ അത്രത്തോളം നിങ്ങളുടെ ഹൃദയത്തെ തുറക്കുക. ദൈവം യേശുവിനെ ജഡത്തിൽ വെളിപ്പെടുത്തി തന്നെ പൂർണ്ണരാക്കുവാൻ നമുക്കു വേണ്ടി ഏല്പിച്ചു. പിതാവു പുത്രനെ സ്നേഹിക്കുന്നു, തന്റെ സാദൃശ്യവും സ്വരൂപവും നമ്മിലാക്കുവാൻ പ്രവർത്തിക്കുന്നു. നിങ്ങൾ കാത്തിരിക്കയും അവിടുത്തോട് കൂട്ടായ്മ ആചരിക്കയും ചെയ്യുന്നു എന്ന നിലയിൽ, ഈ അനുഗ്രഹിക്കപ്പെട്ട പ്രവൃത്തി നമ്മിൽ പൂർത്തിയാക്കി എന്ന് എണ്ണുക.

ക്രിസ്തുവിനോടുള്ള സാദൃശ്യം പ്രധാനമായി രണ്ട് കാര്യങ്ങളാണ്. മരണത്തോടുള്ള സാദൃശ്യം, പുനരുദ്ധാനത്തോടുള്ള സാദൃശ്യം (റോമ. 6:5). ക്രിസ്തുവിന്റെ മരണം എന്നത് തന്റെ താഴ്മയുടെയും അനുസരണത്തിന്റെയും ഫലമാണ്, തന്റെ ജീവനെ പിതാവിന്റെ കരങ്ങളിൽ ഏല്പിച്ചു. ക്രിസ്തുവിൽ നാം പാപത്തിന് മരിച്ചിരിക്കുന്നു. താഴ്മയ്ക്കും ആശ്രയത്തിനും തന്നെത്താൻ താഴ്ത്തി. ദൈവത്തിനു സമർപ്പിച്ചു. തന്റെ മരണത്തിന്റെ ശക്തി നമ്മിൽ പ്രവർത്തിക്കുന്നു. നമ്മെ സുരക്ഷിതരാക്കുവാൻ; തന്റെ ഉയിർപ്പിന്റെ ശക്തിയിൽ നാം അവിടുത്തെ അറിയുന്നു, പാപത്തിന്മേൽ ജയമോടുത്തു, എല്ലാ സന്തോഷവും ഉയിർപ്പിന്റെ ജീവിതവും നൽകി. അതുകൊണ്ട് ഓരോ ദിവസവും, "നിങ്ങളെത്തന്നെ മരിച്ചിട്ട് ജീവിക്കുന്നവരായും നിങ്ങളുടെ അവയവങ്ങളെ നീതിയുടെ ആയുധങ്ങളായും ദൈവ

(ശേഷം 10-ാംപേജിൽ)

(9-ാംപേജിന്റെ തുടർച്ച)

**അനുദിനം ദൈവത്തോടുള്ള കൂട്ടായ്മ**

ത്തിനു സമർപ്പിച്ചുകൊൾവിൻ " (റോമ. 6:13). അവിടുന്ന് ജീവൻ നിലനിർത്തും, ഓരോ ഉയിർത്തെഴുന്നേറ്റ വ്യക്തിയും എങ്ങനെ ജീവിക്കണം എന്ന് അവിടുന്ന് കാണിച്ചു തന്നിരിക്കുന്നു.

**പരിശുദ്ധാത്മാവിന്റെ ശക്തിയാൽ**

ഇവയെല്ലാം നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ആകുന്നു. നിങ്ങളിൽ ക്രിസ്തുവിനെ മഹത്വപ്പെടുത്തേണം എന്ന് എണ്ണിക്കൊൾവിൻ. പരിശുദ്ധാത്മാവിനാൽ ക്രിസ്തു നിങ്ങളിൽ വർദ്ധിച്ചു വരുന്നു എന്ന് എണ്ണിക്കൊൾവിൻ. ദൈവത്തിന്റെ മുമ്പാകെ തന്റെ സാന്നിദ്ധ്യത്തിന്റെ യാഥാർത്ഥ്യത്തിനായി കാത്തിരിക്കുക, ഓർക്കുക, നിങ്ങളിൽ വസിക്കുന്ന പരിശുദ്ധാത്മാവ് ദൈവീകകാര്യങ്ങളെ വെളിപ്പെടുത്തുന്നു. നിങ്ങളുടെ മുഴു ജീവിതവും ക്രിസ്തുവിന്റെ ആത്മാവിനാൽ അഭിഷേകം ചെയ്തു എപ്പോഴും ദൈവസാന്നിദ്ധ്യം അനുഭവിക്കുവാൻ ഓരോ നിമിഷവും ദൈവത്തെ അന്വേഷിക്കണം.

ഈ അത്ഭുതകരമായ രക്ഷയും വലിയവനും പരിശുദ്ധനുമായ ദൈവത്തിന്റെ കൂട്ടായ്മയും അന്വേഷിച്ച്, ആ ദൈവത്തിനായി കാത്തിരുന്നു ക്രിസ്തുവിനെ ജീവിതത്തിലൂടെ വെളിപ്പെടുത്തി എല്ലാം ഉപേക്ഷിച്ച് ദൈവത്തെ ഏറ്റുകൊള്ളേണം. ക്രിസ്തു ചെയ്തതു പോലെ ജീവിതം മുഴുവനായി ദൈവത്തിനു സമർപ്പിക്കേണം. ദൈവം ആഗ്രഹിക്കുന്ന സമ്പൂർണ്ണ സമർപ്പണ ജീവിതം പരിശുദ്ധാത്മാവിനു മാത്രമേ പഠിപ്പിച്ചു തരുവാൻ കഴിയൂ. നിങ്ങൾക്കറിയാത്ത കാര്യങ്ങളെ നിങ്ങളെ കാണിക്കുവാൻ ദൈവത്തിനായി കാത്തിരിക്കുക. ദൈവത്തിങ്കലേക്കുള്ള ഓരോ സമീപനവും കൂട്ടായ്മക്കു വേണ്ടിയുള്ള ഓരോ അപേക്ഷയും ഒരു പുതിയ, വളരെ നിശ്ചയമായ, സമർപ്പണത്തിനായി നിങ്ങളിൽ പ്രവർത്തിക്കുന്ന ദൈവത്തിനാൽ കഴിയട്ടെ.

വിശ്വാസത്താൽ

ഇവിടെ, ദൈവത്തിന്റെ വചനത്തിലൂടെ, എല്ലാ ആത്മീയ ജീവിതത്തിനും വിശ്വാസം താക്കോൽ വാക്യമാകട്ടെ. ദൈവത്തിനയി കാത്തിരിക്കുന്നു എന്ന നിലയിൽ, ഇത് ആഴമുള്ളതായിരിക്കട്ടെ, ദൈവത്തിൽ ഉള്ള വിശ്വാസം, അദൃശ്യനായവൻ, നമുക്കു സമീപസ്ഥൻ, അതിപരിശുദ്ധൻ, സർവ്വശക്തൻ, സ്നേഹിക്കുന്നവൻ; ആഴമായി വിശ്വസിപ്പാൻ കൊള്ളാവുന്ന, സ്വർഗ്ഗത്തിന്റെ എല്ലാ നന്മകളും അനുഗ്രഹങ്ങളും എന്നിലും നിങ്ങളിലും പകരുമാറാകട്ടെ. അനുഗ്രഹിക്കപ്പെട്ട ദൈവീക ത്രിത്വത്തിന് പ്രവർത്തിക്കുവാൻ നിങ്ങളെത്തന്നെ സമർപ്പിക്കുക. ഓരോ ദിവസവും ദൈവത്തോടുള്ള കൂട്ടായ്മയിൽ ആരംഭിക്കാം. ദൈവം നിങ്ങൾക്ക് എല്ലാറ്റിനും എല്ലാം ആയിരിക്കട്ടെ.

" സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീയ ഗീതങ്ങളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയങ്ങളിൽ കർത്താവിന് പാടിയും കീർത്തനം ചെയ്തും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പിതാവുമായവന്നു എല്ലായ്പ്പോഴും എല്ലാറ്റിനുവേണ്ടിയും സ്തോത്രം ചെയ്തുകൊൾവിൻ " (എഫെ. 5:19,20). ❖

## ഒരു ഭാരം ഒരു പാട്ടിനു വഴി മാറുന്നു

ByWalter Beuttler

ഒരു വിശ്വാസിയുടെ ജീവിതത്തിൽ ദൈവത്തിന്റെ കരുതലിന്റെ വഴികൾ വിവരിക്കുന്ന ബുദ്ധിപരവും വികാരപരവിമായ ഒട്ടേറെ പഠനങ്ങൾ ഹബക്കൂക്കിന്റെ പുസ്തകത്തിൽ കാണാൻ കഴിയും. ഈ പുസ്തകത്തിന്റെ ഉള്ളടക്കം വളരെ മനോഹരവും പരിഹരിക്കപ്പെടാത്ത പ്രശ്നങ്ങൾക്കുള്ള ദൈവീക കരുതലും ഇവിടെ കാണാം.

ഈ പുസ്തകം ആരംഭിക്കുന്നത് ഭാരമേറിയ വസ്തുക്കളുമായിട്ടാണ്.. ഭാരം എന്നത് ഹബക്കുക്ക് പ്രവാചകൻ കണ്ട കാര്യങ്ങളാണ്. പുസ്തകം അവസാനിക്കുന്നത് ഒരു പാട്ടോടു കൂടെയാണ്. " ഞാൻ എന്റെ കമ്പികൾ കെട്ടിയ ഉപകരണത്തോടെ പാടും ". ഇതിന്റെ രണ്ടിന്റെയും ഇടയിൽ ഒരു പാട്ട്, ഭാരത്തിനും പാട്ടിനും ഇടയ്ക്ക്, ഒരു പ്രധാന ദൂത് ദൈവത്തിന്റെ വഴികൾ എന്റെ ഭാരത്തെ മാറ്റി, പകരം അവിടെ ഒരു പാട്ട് അവിടുന്ന് എന്റെ നാവിൽ വരുന്നു!

ഹബക്കൂക്ക് ഭാരമുള്ളവനായിത്തീർന്നു, പ്രയാസമുള്ളവനായിത്തീർന്നു. ഹൃദയത്തിന് ഭാരമായി, മാനസികമായി ഭാരപ്പെട്ടു വൈകാരികമായി വൈരുദ്ധ്യങ്ങളുണ്ടായി. ഈ സമയം ഒരു പരിഹാരം ആവശ്യമായി വന്നു.

ഹബക്കൂക്ക് 1-ാം അദ്ധ്യായത്തിൽ 1-ാം വാക്യത്തിൽ അരുളപ്പാട്, ഭാരം എന്നീ രണ്ട് അർത്ഥങ്ങളും വെളിപ്പെടുത്തുന്നു. രണ്ടും ശരിയാണ്. ഹബക്കൂക്കിന്റെ ദൂത് എന്നുള്ളത് ഒരു ഭാരം വെളിപ്പെടുത്തുന്നതാണ്. തന്റെ ജീവിതത്തിലെ ന്യായമായ പ്രശ്നം, ദൈവത്തിലുള്ള തന്റെ വിശ്വാസത്തോടുള്ള വെല്ലുവിളിയാണ്. " യഹോവേ എത്രത്തോളം ഞാൻ നിലവിളിക്കയും നീ കേൾക്കാതിരിക്കയും ചെയ്യും. (ഹബ. 1:1) .

" കവർച്ചയും സാഹസവും എന്റെ മുമ്പിൽ ഉണ്ട്..... ദുഷ്ടൻ നീതിമാനെ വളഞ്ഞിരിക്കുന്നു " (1:3,4). ഇതാണ് പ്രശ്നം, കാരണം കൂടാതെ ദുഷ്ടൻ അവന്റെ മേൽ കയ്യേറ്റം നടത്തുന്നു.

" ദോഷം കണ്ടുകൂടാത വണ്ണം നിർമ്മല ദൃഷ്ടിയുള്ളവനും പീഢനം കാണ്മാൻ കഴിയാത്തവനും ആയുള്ളോവേ, ദ്രോഹം പ്രവർത്തിക്കുന്നവരെ നീ വെറുതെ നോക്കുന്നതും ദുഷ്ടൻ തന്നിലും നീതിമാനായവനെ വിഴുങ്ങമ്പോൾ നീ മിണ്ടാതിരിക്കുന്നതും " (1:13). ഇതാണ് പ്രശ്നം, ദൈവം ദുഷ്ടതയെ പ്രോത്സാഹിപ്പിക്കുന്നു.

ഹബക്കൂക്കിന്റെ ദൈവം സംസാരിക്കുന്ന, മറുപടി നൽകുന്നു, " ദർശനത്തിന് ഒരു അവധി വച്ചിരിക്കുന്നു, അത് സമാപ്തിയിലേക്ക് ബദ്ധപ്പെടുന്നു; സമയം തെറ്റുകയില്ല; അത് വൈകിയാലും അതിനായി കാത്തിരിക്ക; അത് വരും നിശ്ചയം; താമസിക്കയുമില്ല. " നീതിമാനോ വിശ്വാസത്താൽ ജീവിച്ചിരിക്കും " (ഹബ. 2:3,4). ഒരു അവസരം ദൈവത്തിന് കൊടുക്കുമ്പോൾ ദൈവം സംസാരിക്കുന്നു.

2-ാം അധ്യായം 3,4 വാക്യങ്ങളിൽ ദൈവം ശക്തമായി സംസാരിക്കുന്നു. " എനിക്ക് ഒരു വിശദീകരണമുണ്ട് ". ദൈവം വിശ്വാസത്തിന് വേണ്ടി കാത്തിരിക്കുന്നു. നമ്മുടെ ജീവിതത്തിൽ ദൈവത്തിൽ വിശ്വാസത്തിന്റെ വിളി ഉണ്ടാകുമ്പോൾ, കരുതലിന്റെ ഇടപെടലുകൾ ഉണ്ടാകുമ്പോൾ പരിഭ്രാന്തി

(ശേഷം 11-ാം പേജിൽ)

(10-ാം പേജിന്റെ തുടർച്ച)

**ഒരു ഭാരം ഒരു പാട്ടിനു വഴി മാറുന്നു**

ഉണ്ടാകാറുണ്ട്. അവിടെ വിശ്വാസീകരണങ്ങൾ പരാജയപ്പെടുമ്പോൾ, വിശ്വാസം ശക്തിപ്പെടുന്നു.

ദൈവത്തിന്റെ കരുതലിന്റെ പാഠശാലയിൽ അനേകർ പരാജയപ്പെടുന്നു. ദൈവം എന്തെങ്കിലും പ്രവർത്തിക്കുമ്പോൾ അവർ വിശ്വസിക്കുന്നു, എത്രത്തോളം ചെയ്യുന്നുവോ അത്രത്തോളം വിശ്വസിക്കുന്നു. അത്, അത്രമാത്രം, അവരുടെ വിശ്വാസം അത്രമാത്രം. എന്നാൽ ദൈവം അന്വേഷിക്കുന്നത് അതിനപ്പുറമായി ഉള്ള വിശ്വാസമാണ്. ദൈവം എന്തു ചെയ്യുന്നതിന്റെ അടിസ്ഥാനത്തിലല്ല, അവിടുന്നു എന്ത് ആയിരിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ് നാം വിശ്വസിക്കേണ്ടത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, തന്റെ സഭാവത്തിനരൂപമായി നമ്മുടെ വിശ്വാസവും വർദ്ധിക്കേണം. അല്ലാതെ അവിടുന്ന് എന്ത് ചെയ്യുന്നു എന്നതിന്റെ അടിസ്ഥാനത്തിലല്ല.

എങ്ങനെ, എന്തുകൊണ്ട്, എവിടെ എന്നീ ചോദ്യങ്ങൾക്ക് തന്റെ പ്രവൃത്തിയിൽ നിന്നും കാരണങ്ങളിൽ നിന്നും കള്ളം പറയാത്ത ഒരു മറുപടി ദൈവത്തിൽ നിന്നും വരുന്നു, അത് അതിശ്രേഷ്ഠവും വിശ്വാസത്തെ ചോദ്യം ചെയ്യപ്പെടാത്തതും അവിടുത്തെ മാറ്റിക്കൂടാത്ത നന്മയും ഉള്ളതായിരിക്കും. ആ ഉറപ്പോടുകൂടെ, ഇയ്യോബിനോടു ചേർന്നു നമുക്കും പറയാൻ കഴിയും, “അവൻ എന്നെക്കൊന്നാലും ഞാൻ അവനായി കാത്തിരിക്കും” (ഇയ്യോ. 13:15). ഈ നിഷേധാത്മകമായ കാര്യങ്ങൾ നമുക്ക് ദൈവം ഇങ്ങനെയൊക്കെയും ചെയ്യുമോ, അനുവദിക്കുമോ എന്ന് തോന്നുമെങ്കിലും അവയൊക്കെയും തന്റെ വചനത്തിന്റെ വൈരുദ്ധ്യമാർന്ന സത്യങ്ങളാണ്. ഹബക്കൂക്ക് പറയുന്നു, എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും”. “യഹോവേ”, ഹബക്കൂക്ക് പറയുന്നു, “ഞാൻ നിന്റെ കേൾവി കേട്ട് ഭയപ്പെട്ടുപോയി” (ഹബ. 3:2). ദൈവം സംസാരിച്ചു, ഹബക്കൂക്ക് കേട്ടു. ആ മനുഷ്യൻ വ്യത്യാസപ്പെട്ടു. അനേകം വൈരുധ്യങ്ങൾക്കുശേഷം വിശ്വാസം ജയിച്ചു. ഒരു പരാതിക്കാരനായിരുന്ന ഹബക്കൂക്ക് ഒരു സമർപ്പിക്കുന്ന ആരാധിക്കുന്ന വ്യക്തിയായി മാറി, വിജയികളുടെ കൂട്ടത്തിൽ ഒരു വിജയിയായി ദൈവിക രേഖകളിൽ ഇടം നേടി. തന്റെ ഹൃദയത്തിന്റെ രൂപാന്തരം ഇവിടെ കാണുവാൻ കഴിയും, “അത്തിവൃക്ഷം തളിർക്കയില്ല; മുന്തിരി വള്ളിയിൽ അനുഭവം ഉണ്ടാകയില്ല; ഒലിവു മരത്തിന്റെ പ്രയത്നം നിഷ്ഫലമായി പോകും. നിലങ്ങൾ ആഹാരം വിളയിക്കയില്ല; ആട്ടിൻ കൂട്ടം തൊഴുത്തിൽ നിന്നും നശിച്ചുപോകും. ഗോശാലകളിൽ കന്നുകാലികൾ ഉണ്ടായിരിക്കുകയില്ല; എങ്കിലും ഞാൻ യഹോവയിൽ ആനന്ദിക്കും; എന്റെ രക്ഷയുടെ ദൈവത്തിൽ ഘോഷിച്ചാനന്ദിക്കും; യഹോവയായ കർത്താവ് എന്റെ ബലം ആകുന്നു. അവൻ എന്റെ കാൽ പേടമാൻ കാൽ പോലെ ആക്കുന്നു. ഉന്നതി മേൽ എന്നെ നടക്കുമാറാക്കുന്നു” (ഹബ. 3:17-19).

**വിശ്വാസത്തിന്റെ വിശ്രമം**

എങ്ങനെ, എന്തുകൊണ്ട്, എവിടെ എന്നീ ചോദ്യങ്ങൾ മാറിപ്പോയി, അതോടുകൂടെ എല്ലാ ഭാരങ്ങളും നീങ്ങിപ്പോയി. വികാരപരമായ ചിന്തകൾ പുറകിലായി, മനസീക പിരിമുറുക്കം ഇല്ലാതായി. സംശയ വിചാരങ്ങളും അനിശ്ചിതത്വങ്ങളും ദൈവസമാധാനത്തിന് വഴി മാറി സംശയിക്കുന്ന പ്രവാചകന്റെ സംശയം മാറി. ഹബക്കൂക്ക് വിശ്വാസത്തിന്റെ വിശ്രാമത്തിലേക്ക് പ്രവേശിച്ചു.

എന്നിരുന്നാലും ജീവിതത്തിലൂടനീളം കഷ്ടങ്ങളും പ്രയാസങ്ങളുമുണ്ട്. ദുഷ്ടന്മാർ ഇപ്പോഴും തനിക്കെതിരെ ഉണ്ട്. തന്റെ സാഹചര്യങ്ങളൊന്നും മാറിയില്ല. ദൈവം അങ്ങനെ നമ്മുടെ സാഹചര്യങ്ങളെയെല്ലാം മാറ്റുന്ന ദൈവമല്ല. യഥാർത്ഥത്തിൽ, അവിടുന്ന് നമ്മെ മാറ്റുവാൻ നമ്മുടെ സാഹചര്യങ്ങളെ ഉപയോഗിക്കുന്നു. നമ്മുടെ സാഹചര്യം മാറിയാലും ഇല്ലെങ്കിലും നാം ഒരു ദിവസം മാറും, അമർത്യമായി.

**വിശ്വാസത്തിന്റെ ബലം**

ഹബക്കൂക്ക് അങ്ങനെ പറയാൻ കഴിയുന്ന ഒരു മണ്ഡലത്തിലേക്ക് വന്നു, “യഹോവ എന്റെ ബലം”. വിശ്വാസത്താൽ ഹബക്കൂക്ക് കർത്താവിന്റെ ബലത്തിൽ ആയിത്തീർന്നു.

പ്രവാചകൻ മുമ്പോട്ടു പോകുവാൻ ഭയപ്പെടുന്നില്ല. “അവൻ എന്റെ കാലിലെ പേടമാൻ കാലിനു തുല്യമാക്കുന്നു” (3:19). ഹബക്കൂക്കിന് തന്റെ മനസ്സിൽ അഭിമാനമുണ്ട്. കാലിന് ഉറപ്പുള്ള മൃഗം മുന്നോട്ടു പോകുന്നു, ഇടറുന്ന കാലുകളോടു കൂടെ പർവ്വതം കയറുവാൻ സാദ്ധ്യമല്ല. കാട്ടുമൃഗം ഓടിക്കുമ്പോൾ രക്ഷപ്പെടുവാൻ നമ്മെ സഹായിക്കുന്നു. “അവൻ എന്റെ കാലുകളെ മാൻപേടക്കാലിനു തുല്യമാക്കുന്നു”. സിംഹം എന്നെ ഓടിക്കുമ്പോൾ, അവൻ എന്നെ വിഴുങ്ങുവാൻ അടുത്തു വരുമ്പോൾ.

വിശ്വസ്തനായ ദൈവത്തിൽ ഉള്ള വിശ്വാസം നമുക്ക് ദിവ്യ കരുതൽ നൽകുന്നു. വൈഷമ്യ ഘട്ടങ്ങളിൽ, വിശ്വാസം പറയുന്നു, “യഹോവ എന്റെ ബലം. ഹബക്കൂക്ക് ഈ വിശ്വാസത്തിന്റെ ബലം അവകാശമാക്കി.

പ്രാചകൻ, അങ്ങനെ, ഉറപ്പും ധൈര്യവുമുള്ളവനായി, തന്റെ ജീവിത യാത്രയിൽ താൻ വിജയം നേടി. വിശ്വാസം തന്നിൽ കവിഞ്ഞൊഴുകി. അനേകരിലേക്കു പകർന്നു കൊടുക്കുവാൻ താൻ നിർബ്ബന്ധിതനായി. അങ്ങനെ തന്റെ ദൂതിന്റെ ഉപസംഹാരത്തിൽ പാട്ടുകാരുടെ നായകനായി സ്ഥാനം ഏറ്റെടുത്തു കൊണ്ട് ഇങ്ങനെ പാടി “സംഗീത പ്രമാണിക്ക് തന്ത്രി നാദത്തോടെ (ഹബക്കൂക്ക്.3:19). വിശ്വാസത്തിന്റെ പാട്ട്.

സെപ്റ്റുവജിന്റെ തർജ്ജമയിൽ അത് ഇങ്ങനെ പാടുന്നു, “അവന്റെ പാട്ടിനാൽ ഞാൻ അത് കീഴടക്കും. വിശ്വാസത്തിന്റെ പാട്ടു ജയിക്കുന്നു. മറ്റൊരു തർജ്ജമ ഇങ്ങനെ വായിക്കുന്നു. സംഗീത പ്രമാണിക്ക് എന്റെ ഇരട്ട വാദ്യം”. ഈ പാട്ടു പാടുവാൻ ഒരു ഒറ്റ ഉപകരണം കൊണ്ട് സാധ്യമല്ല. വിശ്വാസം ഒരു സംഗീതമാണ്. വിശ്വാസത്തിൽ ഒരു ശാന്തസ്വരമുള്ള പാട്ടുണ്ട്. വിശ്വാസം പാടണം. ഹബക്കൂക്ക് ഒരു ആരാധനാ സംഘത്തിൽ ചേർന്നു. ഒരു ഭാരത്തോടെ ആരംഭിച്ചു. ഒരു പാട്ടോടും കൂടെ അവസാനിപ്പിച്ചു! ഹല്ലേലൂയ്യാ. ❖